
**01**


അജപാലന ശുശ്രൂഷക്കായി ലഭിക്കുന്ന അവസരങ്ങൾ പാഴാക്കരുത്. നമ്മുടെ പണം ചിലവാക്കിയാലും നാം അത് നടത്തികൊടുക്കണം. കാരണം നമ്മുടെ ആത്യന്തമായ കടമ തിരുസഭാസ്നേഹവും ദൈവജനവുമാണ്.



**കനീസിയൂസ് മൊഴികൾ**

**02**

പിതാവിന്റെ തിരുചിത്ത നിർവ്വഹണമായിരിക്കണം എന്റെ ഭക്ഷണം എന്ന നിഷ്ഠയാണ് അനുസരണ വ്രതത്തിന്റെ അന്തഃസത്ത.



**കനീസിയൂസ് മൊഴികൾ**

**03**

നാം ഉപയോഗിച്ച് തേഞ്ഞുമാഞ്ഞു വലിച്ചെറിയപ്പെടുന്ന ബ്രഷിന് അഭിമാനിക്കാനെയുള്ളൂ. നാമാകുന്ന ബ്രഷിനെ പരമാവധി ഉപയോഗപ്പെടുത്തിയശേഷം ഉപയോഗശൂന്യമായപ്പോൾ വലിച്ചെറിയപ്പെട്ടു എന്റെ സേവനം ഇതാ പൂർത്തിയായി എന്ന് അഭിമാനിക്കാം.



**കനീസിയൂസ് മൊഴികൾ**

**04**

ദൈവത്തിനുവേണ്ടി മാത്രം ഇളകുകയും പൊങ്ങുകയും താഴുകയും സദാജോലികളിൽ വ്യാപൃതമാവുകയും ചെയ്ത കൈകൾ നിശ്ചലമാകുമ്പോൾ അവയ്ക്കും അവയുടെ ഉടമസ്ഥരായ നമുക്കും അഭിമാനിക്കാം.



**കനീസിയൂസ് മൊഴികൾ**

**05**

സ്നേഹപൂർവ്വം, ക്ഷമാപൂർവ്വം പരിചരിക്കുന്നവർക്ക് ദൈവം നല്കുന്ന കൃപാവരങ്ങൾ അവർക്ക് ഉത്തേജനം പകരുമാറാകട്ടെ.



**കനീസിയൂസ് മൊഴികൾ**

**06**


നമ്മെ സമീപിക്കുന്ന സഹോദരൻ ശത്രുവായാലും മിത്രമായാലും അയാളുടെ ഉപരിനന്മയ്ക്കുതകുന്നതെന്തോ അതാണ് നാം ചെയ്യേണ്ടത്.



**കനീസിയൂസ് മൊഴികൾ**

**07**


നാം നമ്മുടെ എല്ലാ പ്രവർത്തനവും പ്രാർത്ഥനയാക്കി തീർക്കണം



**കനീസിയൂസ് മൊഴികൾ**

**08**


എന്റെ ആഗ്രഹം പറഞ്ഞാൽ അറിയപ്പെടാത്ത ഒരന്തരീക്ഷത്തിൽ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേതുമായ ഒരു ലളിതജീവിതവും, പാവപ്പെട്ടവർക്കുവേണ്ടിയുള്ള ആദ്ധ്യാത്മികവും ഭൗതികവുമായ സേവനവും അഭംഗുരം തുടരുക എന്നതാണ്.



**കനീസിയൂസ് മൊഴികൾ**

**09**

അസുഖങ്ങൾ സന്തോഷപൂർവ്വം വലിയ ഉദ്ദേശ്യത്തോടുകൂടെ, നമ്മുക്ക് നീട്ടിത്തരുന്ന പിതൃക്കരം ചുംബിച്ചുക്കൊണ്ട് അവിടുത്തേക്ക് നന്ദിപറഞ്ഞുക്കൊണ്ട് സ്വീകരിക്കാം.



**കനീസിയൂസ് മൊഴികൾ**

**10**


സദാ ദൈവസന്നിധിയിൽ ആയിരിക്കുന്നതിലുള്ള ആനന്ദം എന്നിൽ എപ്പോഴും നിറഞ്ഞിരുന്നു. ആ ആനന്ദത്തിൽ പ്രാർത്ഥിക്കുവാൻ വരുന്നവരെ സഹായിക്കുകമാത്രമാണ് ഞാൻ ചെയ്തിരുന്നത്.



**കനീസിയൂസ് മൊഴികൾ**

**11**

ശിശുതുല്യമായ ദൈവാശ്രയവും ദൈവേഷ്ട നിർവ്വഹണത്തിൽ സന്നദ്ധതയും സാധിതമാകണമെങ്കിൽ പരിശുദ്ധാത്മാവിൽ വിശ്രമിക്കത്തക്കവിധത്തിൽ ആത്മീയസൗഖ്യം നേടണം.



**കനീസിയൂസ് മൊഴികൾ**

**12**

നാം സ്വയം വിലയിരുത്തണം. സ്വയം വിമർശിക്കണം. പുതിയ വെല്ലുവിളികൾ കണക്കിലെടുത്തുക്കൊണ്ട് അധുനാധനീകരണം വരുത്തണം.



**കനീസിയൂസ് മൊഴികൾ**

**13**


തിരുസന്നിധിയിൽ ചിലവഴിക്കുന്ന നിമിഷങ്ങളും അവിടുത്തെപ്പറ്റി കേൾക്കാനാഗ്രഹിക്കുന്നവർക്ക് അവിടുത്തെപ്പറ്റി പറയുന്ന നിമിഷങ്ങളും എന്റെ ആരോഗ്യത്തിനായുള്ള ടോണിക്കായി അറിയപ്പെടുന്നു.



**കനീസിയൂസ് മൊഴികൾ**

**14**

എന്റെ സമൂഹത്തിലും പ്രവർത്തനരംഗത്തും ദൈവപരിപാലനയിൽ എനിക്കായി നല്കിയിട്ടുള്ളവരെ അവർ ആയിരിക്കുന്നവിധം – അവരുടെ സുകൃതങ്ങളും വൈകൃതങ്ങളോടും ബലത്തോടും ബലഹീനതകളോടും കൂടെ – ഞാൻ സ്വീകരിക്കണം.



**കനീസിയൂസ് മൊഴികൾ**

15

ഈ ലോകത്തിൽ എത്രവേണമെങ്കിലും സഹിക്കാം. പക്ഷേ, അങ്ങേ ലോകത്തിൽ സഹിക്കാനിടയാകാതിരുന്നാൽ മതിയായിരുന്നു.



**കനീസിയുസ് മൊഴികൾ**

16

കർത്താവിന്റെ ഹൃദയശാന്തതയും എളിമയും അവിടുന്നു തന്നാലേ നമ്മുക്ക് അവ സ്വായത്തമാക്കു.



**കനീസിയുസ് മൊഴികൾ**

17

ദൈവസുതൻ കാലിക്കൂട്ടിൽ ജനിച്ചുക്കൊണ്ടും നസ്രസ്സിൽ വളർന്നുകൊണ്ടും എളിയതും ഒളിഞ്ഞതുമായ ജീവിതശൈലിയിൽ പരിമളം പരത്തി, ആ സുഗന്ധം മറ്റുള്ളവർക്ക് പകർന്നു നല്കിക്കൊണ്ട് അവിടുത്തെ എളിമയുടെ പാതയിലൂടെ മുന്നേറാം.



**കനീസിയുസ് മൊഴികൾ**

18


എല്ലാവരുടേയും സഹകരണവും കൂട്ടായ്മയും സമ്മേളിച്ചാൽ തിരുസഭാസേവനത്തിന് ഇതിൽ കവിഞ്ഞ സമ്പത്ത് ഇല്ല.



**കനീസിയുസ് മൊഴികൾ**

19

ആരുമറിയാതെ ഉള്ള പ്രാർത്ഥനക്കൊണ്ടും പ്രായശ്ചിത്തംകൊണ്ടും ആവശ്യമായ ഉൾപ്രകാശവും പ്രത്യാശയും ആത്മധൈര്യവും നേടി കൊടുക്കുകയാണ് എന്റെ ദൈവവിളി.



**കനീസിയുസ് മൊഴികൾ**

20

നമ്മോട് ആരെങ്കിലും കടപ്പെട്ടിരിക്കുന്നുവെങ്കിൽ അവരുടെ കടങ്ങൾ നമുക്ക് ഇളച്ച് കൊടുക്കാം. ദൈവം സാക്ഷിയായിരിക്കെ, അവ നമ്മൾ എഴുതി തള്ളുമ്പോൾ ദൈവസമക്ഷം നമ്മൾക്കുള്ള കടങ്ങൾ അവിടുന്ന് നിരുപാധികം എഴുതി തള്ളും.



**കനീസിയുസ് മൊഴികൾ**

21

നമ്മുടെ കുടുംബം ഒരു കൊച്ചു സ്വർഗ്ഗമായി മാറണം.



**കനീസിയുസ് മൊഴികൾ**

22

കർത്താവിന് എല്ലാം കൃത്യമായി അറിയാം. അത് തക്കസമയത്ത് അസന്നിഗ്ദമായി അവിടുന്ന് അറിയിച്ചു തരും.



**കനീസിയൂസ് മൊഴികൾ**

23

കർത്താവിന്റെ തൃക്കരം നമ്മെ ഓരോ നിമിഷത്തിലും നയിക്കുമാറാകട്ടെ. നമുക്ക് വേദനകളുണ്ടാകാം. പക്ഷെ അവിടുത്തെ കരങ്ങൾ എന്നും സുശക്തമായിരിക്കും. അതായിരിക്കട്ടെ നമ്മുടെ പ്രതീക്ഷയുടെ നിതാന്തം



**കനീസിയൂസ് മൊഴികൾ**

24


ഞാൻ കാനായിലെ കല്ല്യാണവീട്ടിലെ വെറും ഒരു കൽഭരണി മാത്രം. കർത്താവാണ് എന്നിൽ വീഞ്ഞ് നിറച്ചത്. കർത്താവ് നിറച്ച അളവിന്റെ ഒരു ചെറിയ അംശംപോലും പകർന്ന് നല്കുവാൻ സാധിക്കാതെ പോയ മഹാപാപിയാണ് ഞാൻ.



**കനീസിയൂസ് മൊഴികൾ**

25


നമ്മുടെ പ്രയാസങ്ങളെല്ലാം കണ്ടുകൊണ്ടിരിക്കുന്ന നമ്മുടെ കർത്താവിന്റെ മുമ്പിൽ കുഞ്ഞുങ്ങൾക്കടുത്ത മനോശരണത്തോടെ എല്ലാം സമർപ്പിക്കാം.



**കനീസിയൂസ് മൊഴികൾ**

26

കുഞ്ഞുങ്ങളുടെ സാന്നിദ്ധ്യം നമ്മുടെ കുടുംബത്തെ, തിരുക്കുടുംബത്തെപ്പോലെ ആനന്ദവും ആഹ്ളാദവും നിറഞ്ഞതാക്കുന്നു.



**കനീസിയൂസ് മൊഴികൾ**

27


ദൈവത്തെപ്പറ്റിയുള്ള രഹസ്യം അറിയിക്കുക മാത്രമാണ് എന്റെ ജീവിതദൗത്യം.



**കനീസിയൂസ് മൊഴികൾ**

28

ഞാൻ ഈശോയെ അനുകരിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുകരിക്കുവിൻ എന്നു പറയാൻ എനിക്കും സാധിക്കണം.



**കനീസിയൂസ് മൊഴികൾ**

29

പ്രാർത്ഥന ബാഹ്യമായ ചൊല്ലിക്കൂട്ടലോ ഒച്ചവയ്ക്കലോ അല്ല. മറിച്ച് അത് ആന്തരീകമാണ്. ശരിക്ക് പ്രാർത്ഥനയുടെ അരൂപിയിലുള്ള ഒരാൾ ഇന്നനേരം എന്നില്ലാ, ഓരോ നിമിഷവും പ്രാർത്ഥനയായാണ് ചെലവഴിക്കുക



കനീസിയൂസ് മൊഴികൾ

30

നമുക്ക് ഈ ലോകത്തിൽ നിർവ്വഹിക്കുവാനുള്ള ഏകകാര്യം! പിതാവിന്റെ ഇഷ്ടം – അതുമുഴുവൻ – അതുമാത്രം ആയിരിക്കണം.



കനീസിയൂസ് മൊഴികൾ

31

അവിടുത്തെ തിരുവിഷ്ടത്തിന് പൂർണ്ണമായും നമ്മെ വിട്ടുകൊടുക്കാം. ദൈവതിരുമനസ്സ് പൂർണ്ണമായും നിറവേറട്ടെ.



കനീസിയൂസ് മൊഴികൾ

32

മാംസമോ രക്തമോ എന്തുപറയുന്നുവെന്ന് നോക്കാതെ കർത്താവിന്റെ ഇഷ്ടം മാത്രം നോക്കി ജീവിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.



കനീസിയൂസ് മൊഴികൾ

33

നാം സന്യാസത്തിലായിരിക്കുന്നത് ദൈവതിരുമനസ്സ് നിറവേറ്റുവാനും അത് നടപ്പിലാക്കുവാനുമാണ്. സ്വ വിശുദ്ധിയും തിരുസഭാസേവനവുമായിരിക്കണം നമ്മുടെ കർമ്മപരിപാടികൾ.



കനീസിയൂസ് മൊഴികൾ

34

ദൈവചിത്തം, അതുമാത്രം, അതുമുഴുവൻ എന്നതാണ് അന്നും ഇന്നും എന്നും എന്റെ തത്ത്വം. അതിലാണ് എന്റെ സാക്ഷാത്ക്കാരവും സംതൃപ്തിയും ഞാൻ കാണുക.



കനീസിയൂസ് മൊഴികൾ

35

മറ്റുള്ളവരെ അനുകരിക്കുന്നവരാകാതെ ദൈവത്തിന് പ്രീതികരമായ ജീവിതം നയിക്കുന്നതിന് ശ്രമിക്കുക. അതിനായി വ്യഗ്രതകളൊന്നും കൂടാതെ ദൈവസന്നിധിയിൽ ആയിരിക്കുവാൻ പരിശ്രമിക്കുക.



കനീസിയൂസ് മൊഴികൾ

36


എല്ലാവർക്കും നിർമ്മലഹൃദയവും പ്രസന്നവദനവും കാഴ്ചവച്ചുക്കൊണ്ട് നാം ആയിരിക്കുന്ന അന്തരീക്ഷത്തിൽ സ്വർഗ്ഗീയമായ പ്രകാശവും പരിമളവും വീശികൊണ്ട് സന്തോഷത്തോടെ ദൈവസംപ്രീതനായി ജീവിക്കാം.



കനീസിയൂസ് മൊഴികൾ

37

ഇതാ കർത്താവിന്റെ ദാസി, അങ്ങേവചനം പോലെ എന്നിൽ ഭവിക്കട്ടെ എന്ന മനോഭാവം നമ്മിൽ സ്ഥായിയായി നില്ക്കുവാൻ പ്രാർത്ഥനക്കൊണ്ട് പരസ്പരം സഹായിക്കാം.



കനീസിയൂസ് മൊഴികൾ

38


ത്യാഗത്തിലൂടെയും സഹനത്തിലൂടെയും മാത്രമേ ധാരാളം ആത്മാക്കളെ നേടുവാൻ കഴിയൂ.



കനീസിയൂസ് മൊഴികൾ

39


ഒരു സന്യാസിയുടെ പറഞ്ഞൊപ്പിനെ ഞാൻ കരുതുന്നത് അവരുടെ ദാരിദ്രത്തെയാണ്. അതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു.



കനീസിയൂസ് മൊഴികൾ

40


ക്രിസ്തു ശിഷ്യത്വത്തിന്റെ വില സമൂലദാരിദ്രമാണ്. പാപത്തിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും എന്നേക്കുമുള്ള അകൽച്ച.



കനീസിയൂസ് മൊഴികൾ

41


സഭ നല്കുന്നതു മാത്രമേ എനിക്കുണ്ടാകാവൂ എന്ന നിർബന്ധബുദ്ധിവേണം.



കനീസിയൂസ് മൊഴികൾ

42

ഉപേക്ഷിച്ചവയിലേക്ക് പിന്തിരിയുവാനുള്ള ദുർഭഗത എനിക്കുണ്ടാകരുത്.



കനീസിയൂസ് മൊഴികൾ

43

പരിശുദ്ധാരൂപിയുടെ സ്വരം ശ്രവിക്കുക, അതാണ് എല്ലാറ്റിലും മുഖ്യം.



**കനീസിയൂസ് മൊഴികൾ**

44


അന്തരംഗത്തിൽ നമ്മോട് സംസാരിക്കുന്ന അവിടുത്തെ സ്വരം ശ്രവിക്കുക; അനുസരിക്കുക. അങ്ങനെ നാം അരൂപിയുടെ മനുഷ്യരായിത്തീരട്ടെ.



**കനീസിയൂസ് മൊഴികൾ**

45


നല്ല പിതാവായ ദൈവത്തിന്റെ ക്രമീകരണങ്ങൾ എത്രയോ മഹനീയം.



**കനീസിയൂസ് മൊഴികൾ**

46

മറ്റുള്ളവരുടെ അസുഖങ്ങളോട് തുലനം ചെയ്യുമ്പോൾ എന്റെ വേദനകൾ വളരെ നിസ്സാരമാകുന്നു.



**കനീസിയൂസ് മൊഴികൾ**

47


കർത്താവ് അനുവദിക്കുന്നതെല്ലാം നമുക്ക് സസന്തോഷം സ്വീകരിക്കാം.



**കനീസിയൂസ് മൊഴികൾ**

48


പിതാവായ ദൈവം തരുന്നതെന്തും പിതൃസ്നേഹത്തിന്റെ ദാനമാണല്ലോ.



**കനീസിയൂസ് മൊഴികൾ**

49


ദൈനംദിന സംഭവങ്ങൾ മനസ്സറിഞ്ഞ് കരുതിക്കൂട്ടി സസന്തോഷം ആശ്ലേഷിക്കുവാനുള്ള ദിവ്യപ്രകാശം നല്ലദൈവം നമുക്ക് നല്കട്ടെ.



**കനീസിയൂസ് മൊഴികൾ**

50


നമ്മുടെ കാര്യങ്ങൾക്ക് ഒരു കോട്ടവും വരാതെ സൂക്ഷിക്കുന്നതിന് ദിവ്യനാഥൻ നമുക്കായി നല്കിയിരിക്കുന്ന നമ്മുടെ സ്നേഹസമൂഹങ്ങളുള്ളപ്പോൾ നാം വ്യഗ്രത കാണിക്കേണ്ട ആവശ്യമില്ല.



**കനീസിയൂസ് മൊഴികൾ**

51

നല്ല പിതാവ് നമ്മുടെ ആത്മാർത്ഥത സ്നേഹത്തോടും അനുകമ്പയോടും അഭിമാനത്തോടും കൂടെ വീക്ഷിക്കുന്നുവെന്ന ചിന്ത നമ്മുക്ക് ആവേശം പകർന്നു തരും



**കനീസിയൂസ് മൊഴികൾ**

52

പരിശുദ്ധാത്മാവിൽ വിശ്രമിക്കുവാൻ സാധിക്കുന്നവൻ സൗഖ്യം ലഭിച്ചു കഴിഞ്ഞവനാണ്.



**കനീസിയൂസ് മൊഴികൾ**

53


അവിടുത്തെ കരങ്ങൾ എന്നും സുശക്തമായിരിക്കും അതാണ് നമ്മുടെ പ്രതീക്ഷയുടെ നിധാനം.



**കനീസിയൂസ് മൊഴികൾ**

54

മങ്ങാത്തവിളക്കുകളായി നാം തീരുന്നത് വിശ്വപ്രകാശമായ ക്രിസ്തുസന്നിധിയിലെ ഉപാസനയും അവിടുത്തെ അനുകരണവും വഴിയാണ്.



**കനീസിയൂസ് മൊഴികൾ**

55


ധ്യാനംവഴി ദൈവത്തോടടുത്തു തുടങ്ങുമ്പോൾ, ആത്മാവ് പ്രകാശമാനമാകുന്നു.



**കനീസിയൂസ് മൊഴികൾ**

56

ക്ഷണികവും നിസ്സാരവുമായ നമ്മുടെ ക്ലേശങ്ങൾ അനശ്വരവും നിസ്തുലവുമായ മഹത്ത്വം നമുക്കായി ഒരുക്കുന്നു.



**കനീസിയൂസ് മൊഴികൾ**

57

നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല; ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. നമ്മെ വിളിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്ത ദൈവത്തിന് സ്തുതി.



**കനീസിയൂസ് മൊഴികൾ**

58

വിശുദ്ധസ്ഥലത്തെ തുലാസ്സിൽ അളക്കുന്ന നിത്യ വിധിയാളന്റെ മുമ്പിൽ ദയ കണ്ടെത്തുവാൻ നമുക്ക് പ്രാർത്ഥിക്കാം.



**കനീസിയൂസ് മൊഴികൾ**

59

സഹോദരങ്ങൾ ചോദിക്കുന്ന സേവനങ്ങൾ ഓരോരുത്തരുടേയും ഉപരിനന്മയ്ക്കുതകത്തക്കവിധം സത്വരമായും സന്തോഷത്തോടുകൂടിയും നിസ്വാർത്ഥമായും ചെയ്തുകൊടുക്കണം.



**കനീസിയൂസ് മൊഴികൾ**

60


ദൗത്യത്തിന്റെ മറപിടിച്ച് നീചലാഭം നേടുകയും എന്നെത്തന്നെയും എന്റെ സ്വന്തപ്പെട്ടവരെയും വളർത്തുകയും ചെയ്യുക എന്ന ദുർഭഗത നമുക്കുണ്ടാകരുത്.



**കനീസിയൂസ് മൊഴികൾ**

61

എല്ലാവേദനകളും ശാന്തമായി സ്വീകരിച്ച് ആ ത്യാഗങ്ങളെല്ലാം കർത്താവിന്റെ കൈകളിലെ നിർമ്മല കുസുമങ്ങളാക്കി നമുക്ക് തിരിച്ചേല്പിക്കാം



**കനീസിയൂസ് മൊഴികൾ**

62

പണം പഞ്ചസാരയാണ്. അത് അമിതമായാൽ ആത്മാവിന് പ്രമേഹവും അത് സംബന്ധിച്ച അസുഖങ്ങളും ഉണ്ടാകും. പിശുക്ക് ദാരിദ്ര്യരൂപിയല്ല. പഞ്ചസാര കുറവായാലും രോഗങ്ങളുണ്ടാകും.



**കനീസിയൂസ് മൊഴികൾ**

63

പരിശുദ്ധാത്മാവ് സൗഖ്യദായകനാണ്.



**കനീസിയൂസ് മൊഴികൾ**

64

പരിശുദ്ധാത്മാവിലുള്ള വിശ്രമവും ലയനവുമാണ് പ്രാർത്ഥനയിലൂടെ ഭക്തൻ നേടിയെടുക്കേണ്ടത്.



**കനീസിയൂസ് മൊഴികൾ**

65

പ്രാർത്ഥന എപ്പോഴും ആത്മീയവും ഭൗതികവുമായ സൗഖ്യത്തിന് വേണ്ടിയുള്ളതാകണം.



**കനീസിയൂസ് മൊഴികൾ**

66


ഭക്തർക്ക് ഒരു സംരക്ഷണോപാധിയാണ് പ്രാർത്ഥന.



**കനീസിയൂസ് മൊഴികൾ**

67


പിതൃഗേഹത്തിൽ എത്തുമ്പോൾ നമ്മുടെ ക്ലേശങ്ങളും വേദനകളുമെല്ലാം അവസാനിക്കും. ആ ദിവസത്തെ ഉറ്റുനോക്കികൊണ്ട് ശിഷ്ടായുസ്സ് സസന്തോഷം നമ്മുക്ക് ചിലവഴിക്കാം.



**കനീസിയൂസ് മൊഴികൾ**

68


നമ്മുടെ ചുറ്റും നാം കാണുന്ന ഓരോ വസ്തുവും നമുക്ക് മൗനഭാഷയിൽ നല്കുന്ന പിതൃസന്ദേശം ഇതാണ്, മകനെ മകളെ എല്ലാം നിനക്കുവേണ്ടി



**കനീസിയൂസ് മൊഴികൾ**

69


നാം എല്ലാവരും പിതൃഭവനത്തിൽ ഒന്നിച്ചുചേരുന്ന ദിവസം മുന്നിൽ കണ്ടുകൊണ്ട് ജീവിതയോധനത്തിൽ പൂർണ്ണവിജയത്തിനായി നമുക്ക് ധീരം ധീരം പോരാടാം.



**കനീസിയൂസ് മൊഴികൾ**

70

ദൈവരാജ്യത്തിനും അവിടുത്തെ നീതിക്കും ഏതു സാഹചര്യത്തിലും പ്രഥമപ്രാധാന്യം കൊടുക്കുന്നതിനുള്ള തന്റേടം നമുക്കുവേണം അതിനായി എന്തുനഷ്ടവും ധീരതയോടെ സ്വീകരിക്കണം.



**കനീസിയൂസ് മൊഴികൾ**

71

ആർക്കെല്ലാം ഇഷ്ടക്കേടായാലും അവരെക്കാൾ ഞാൻ ദൈവത്തെ സ്നേഹിക്കണം.



കനീസിയൂസ് മൊഴികൾ

72

കർത്താവ് അനുവദിക്കുന്നതെല്ലാം നമുക്ക് സസന്തോഷം സ്വീകരിക്കാം. പ്രാർത്ഥനകൊണ്ട് പരസ്പരം സഹായിക്കാം



കനീസിയൂസ് മൊഴികൾ

73

കർത്താവിനോടുകൂടെ ദീർഘനേരം പ്രാർത്ഥനയിൽ ആയിരിക്കുക.



കനീസിയൂസ് മൊഴികൾ

74


ബാഹ്യ ആഡംബരങ്ങൾ സ്വമനസ്സാ ഒന്നും ഉണ്ടാകാതിരിക്കണമെന്ന് നിർബ്ബന്ധം വയ്ക്കുക.



കനീസിയൂസ് മൊഴികൾ

75

കർത്താവെ ഞങ്ങളെ നിന്ദിക്കുന്നവരോട് പകരം ചോദിക്കരുതേ; അവർക്കാവശ്യമായ നന്മകൾ ധാരാളമായി നല്കി അവരെ അനുഗ്രഹിക്കണമേ; ഞങ്ങളൊരുമിച്ച് അവരും അങ്ങയെ നിത്യം സ്തുതിക്കുന്നതിന് ഇടയാക്കണമേ.



കനീസിയൂസ് മൊഴികൾ

76

എന്റെ ഈശോയെ അങ്ങയിൽ ശരണപ്പെട്ട ഒരുവനും ലജ്ജിക്കാൻ ഇടയായിട്ടില്ല. പാപിയായ എന്റെ മേൽ കരുണയുണ്ടാകണമേ.



കനീസിയൂസ് മൊഴികൾ

77

വിശ്വാസത്തിലും വിജ്ഞാനത്തിലും വളരുന്നതിന് പ്രലോഭനങ്ങളെ ജയിക്കുവാനുള്ള ശക്തി നല്കണമേ.



കനീസിയൂസ് മൊഴികൾ

78

ഞങ്ങൾക്ക് നല്കാനുള്ളത് ഞങ്ങളുടെ പാപങ്ങളെ കുറിച്ചുള്ള അനുതാപത്തിന്റെയും അങ്ങയോടുള്ള അനുകമ്പയുടെയും അശ്രുകണങ്ങൾ മാത്രമാണ്



കനീസിയൂസ് മൊഴികൾ

79

പഠിക്കുന്നവരുടെ പ്രയാസങ്ങൾ അനുഭവിച്ചറിഞ്ഞ വി. യൗസേപ്പേ, എന്നെ പഠനത്തിലും പരീക്ഷകളിലും സഹായിക്കണമേ.



കനീസിയൂസ് മൊഴികൾ

80

ശിക്ഷയായിരുന്ന മരണത്തെ വിജയമാക്കി പകർത്തിയ ക്രിസ്തുവിന്റെ കുരിശുമരണം നമ്മുടെ മരണത്തിന്റെ മാതൃക!!!



കനീസിയൂസ് മൊഴികൾ

81


ജീവിതത്തിലെ ഓരോ സമർപ്പണവും സമ്പൂർണ്ണ സമർപ്പണത്തിന്റെ പ്രതീകമക്കി, മരണത്തിലേക്കുള്ള കൈചൂണ്ടിയാക്കി നാം മാറ്റണം.



കനീസിയൂസ് മൊഴികൾ

82


മാതാവിനെപ്പോലെ ഈശോയെ അനുകരിക്കുവാനാണ് നാം എന്നും ശ്രമിക്കേണ്ടത്.



കനീസിയൂസ് മൊഴികൾ

83


മാന്യമായ അകലം, മാന്യമായ സംസാരം, മാന്യമായ പെരുമാറ്റം ഈ അതിർത്തി ആരോടായാലും കടക്കുവാൻ ഇടയാകരുത്.



കനീസിയൂസ് മൊഴികൾ

84


അനേകം കണ്ണുകൾ നോക്കികൊണ്ടിരിക്കുമ്പോൾ നിസ്സാരമായതുമതി പലവിധ അഭ്യൂഹങ്ങൾക്ക് വക നല്കാൻ.



കനീസിയൂസ് മൊഴികൾ

85


മാതാവിനെപ്പോലെ ഹൃദയത്തിൽ സംഗ്രഹിക്കാൻ പഠിക്കണം. മിതത്വസ്വഭാവത്തിന്റെ അടിസ്ഥാനമിതാണ്.



**കനീസിയൂസ് മൊഴികൾ**

86

"നിങ്ങളെ ദ്വേഷിക്കുന്നവരെ സ്നേഹിക്കുക! നിങ്ങൾക്കു തിന്മ ചെയ്യുന്നവർക്ക് നന്മചെയ്യുക!



**കനീസിയൂസ് മൊഴികൾ**

87


ഇടുങ്ങിയ വാതിലിലൂടെ, വീതികുറഞ്ഞ വഴിയിലൂടെ മുന്നേറുന്നവരാണ് ക്രിസ്തുവിന്റ ശിഷ്യന്മാർ. എപ്പോഴും എല്ലാകാര്യങ്ങളിലും ക്രിസ്തുവിനെ ശരണം വക്കാം.



**കനീസിയൂസ് മൊഴികൾ**

88


വേദനകൾ ക്ഷമയോടും സന്തോഷത്തോടും കൂടെ സ്വീകരിച്ചുകൊണ്ട് ദൈവത്തിനു നന്ദിപറയാം



**കനീസിയൂസ് മൊഴികൾ**

89


ഞാൻ വചനത്തിൽ വിശ്വസിക്കുന്നു; ഞാൻ വചനത്തിൽ ജീവിക്കുന്നു; വിശ്വസിച്ചു പ്രാർത്ഥിക്കുന്നു.



**കനീസിയൂസ് മൊഴികൾ**

90


വാർദ്ധക്യം എന്നത് പലതരം കുസുമങ്ങളാകുന്ന രത്നങ്ങൾ നിറഞ്ഞു തുളുമ്പുന്ന ഖനിയാണ്. അവയെല്ലാം നഷ്ടപ്പെടാതെ പെറുക്കിയെടുത്ത് ആത്മാക്കളുടെ രക്ഷക്കായി ദിവ്യനാഥന്റെ കരങ്ങളിൽ തിരികെ ഏല്പിക്കേണ്ടവർ നമ്മളോരോരുത്തരുമാണ്.



**കനീസിയൂസ് മൊഴികൾ**

91


അവിടുത്തെ വഴിയിലൂടെ നമ്മാലാവുന്നതു ചെയ്യുമ്പോൾ അവിടുന്ന് എല്ലാം വിജയത്തിലെത്തിക്കും.



**കനീസിയൂസ് മൊഴികൾ**

92


ഏറ്റവും വലിയ വൈദ്യനായ ദൈവത്തിൽ ശരണപ്പെട്ട് വിനയപൂർവ്വം അപേക്ഷിക്കുന്ന നമ്മെ ദൈവം തീർച്ചയായും സഹായിക്കും.



**കനീസിയൂസ് മൊഴികൾ**

93


നിയമപ്രമാണങ്ങൾ രക്തത്തിലേക്കും മാംസത്തിലേക്കും പകർത്തുന്ന ബുദ്ധിയല്ല നമുക്കാവശ്യം. അവയെ ഹൃദയഭിത്തികളിൽ ആലേഖനം ചെയ്യുവാനുള്ള വിവേകമാണ് നമുക്ക് വേണ്ടത്.



**കനീസിയൂസ് മൊഴികൾ**

94


ദൈവകല്പനകളെ ആത്മാവിലേക്ക് ആവാഹിച്ചെടുക്കുന്നതിൽ നാം വിജയിച്ചിട്ടുണ്ടെങ്കിൽ നിയമദൃഷ്ട്യാ അനുവദനീയമായ കാര്യങ്ങൾപോലും സ്ഥലകാലസാഹചര്യങ്ങനുസരിച്ച് കൈകാര്യം ചെയ്യുന്നതിൽ നാം ശ്രദ്ധിക്കും.



**കനീസിയൂസ് മൊഴികൾ**

95


നാം വൈദീകരായിരിക്കുന്നത് സുഖജീവിതം നയിക്കാനല്ല. ജോലിചെയ്ത് അവശരായി മരിക്കാനാണ്



**കനീസിയൂസ് മൊഴികൾ**

96


നമ്മെ ഈശോ രക്ഷിക്കും. ദിവ്യനാഥൻ നമ്മോടുകൂടെയുണ്ട്.



**കനീസിയൂസ് മൊഴികൾ**

97


നമുക്ക് എല്ലാം അവിടുത്തെ ഏല്പിച്ച് പ്രാർത്ഥിക്കാം. അവിടുന്ന് സത്യത്തിനുവേണ്ടി നിലനില്ക്കുന്നു. അവിടുത്തെ ശരണം പ്രാപിക്കുന്നവർ വിജയിക്കും



**കനീസിയൂസ് മൊഴികൾ**

98

സത്യം തന്നെയായ ദൈവം നമ്മുടെ സഹായത്തിന് വരും.



**കനീസിയൂസ് മൊഴികൾ**

99

സമൂഹത്തിന്റെ ദാസന്മാരുടെ ദാസനായി, ഏവരെയും ആകമാനമായും വ്യക്തിപരമായും സേവിക്കുന്നതിനുള്ള ചക്രവാളം, കൂടുതൽ വിസ്തൃതമാക്കി തരുന്ന ദൗത്യമാണ് ഭരണസേവനം.



**കനീസിയൂസ് മൊഴികൾ**

100

രണ്ടുമണിക്കൂർ കുറയാതെ ദൈവസന്നിധിയിൽ ആയിരിക്കുക. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല.



**കനീസിയൂസ് മൊഴികൾ**

101


തളരരുത് പരിഭ്രമിക്കരുത്. ശാന്തമായി ഈ കുരിശ് ചുമക്കുക. താമസിയാതെ ശക്തിമാനായ കർത്താവ് തന്നെ കരം തന്ന് ഉയർത്തും.



**കനീസിയൂസ് മൊഴികൾ**

102

നമ്മുടെ കഴിവിൽ കവിഞ്ഞുള്ള പ്രായശ്ചിത്തമോ ഉപവാസങ്ങളോ ഒന്നും അവലംബിക്കുവാൻ പോകരുത്.



**കനീസിയൂസ് മൊഴികൾ**

103

ഈശോ നമ്മെ അനുഗ്രഹിക്കും. അവിടുന്ന് നമ്മെ പ്രശാന്തമായി ലക്ഷ്യത്തിലേക്ക് നയിക്കും.



**കനീസിയൂസ് മൊഴികൾ**

104


സ്നേഹത്തിൽ ഐക്യപ്പെടുകയും ആ സ്നേഹത്തിന്റെ സീമകൾ വികസിപ്പിക്കുന്നതിൽ വ്യാപൃതനാകുകയും ചെയ്യുന്ന ആരാധകരായ സഹോദരങ്ങളാണ് സന്യാസികൾ.



**കനീസിയൂസ് മൊഴികൾ**

105


ഓരോ വ്യക്തികളിലൂടെയും സംഭവവികാസങ്ങളിലൂടെയുമാണ് അനന്തജ്ഞാനിയായ കലാകാരൻ നാമാകുന്ന വ്യക്തിത്വങ്ങളിൽ നിന്ന് നിസ്തുലങ്ങളായ വിശുദ്ധരൂപങ്ങൾ കൊത്തിയെടുക്കുന്നത്.



**കനീസിയൂസ് മൊഴികൾ**

106


ദൈവേഷ്ടം – അതുമാത്രം – അതുമുഴുവൻ. ഏതുനിമിഷവും നമ്മെ നയിക്കട്ടെ.



**കനീസിയൂസ് മൊഴികൾ**

107


എനിക്കൊരു വിശുദ്ധനാകണം; ഓരോ നിമിഷവും ദൈവഹിതം നിർവ്വഹിക്കണം; ലോകത്തിലെ ഒന്നും വേണ്ട; യേശുവിനെ മാത്രം മതി എന്നതാവട്ടെ നമ്മുടെ പ്രാർത്ഥന.



**കനീസിയൂസ് മൊഴികൾ**

108

മറ്റുള്ളവർ സന്തോഷത്തോടെയിരിക്കാൻ അവരുടെ കടങ്ങൾ നാം ക്ഷമിച്ച് നവജീവനോടുകൂടി – ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ നിർമ്മലഹൃദയത്തോടും പ്രസന്നവദനത്തോടും മനോവിശ്വാസത്തോടും കൂടി വ്യാപരിക്കുവാൻ നമുക്ക് സാധിക്കട്ടെ.



**കനീസിയൂസ് മൊഴികൾ**

109

സന്യാസസമൂഹജീവിതം മിശിഹായുടെ മൗതികശരീരത്തിന്റെ പ്രതിച്ഛായയാണ്.



**കനീസിയൂസ് മൊഴികൾ**

110


നമ്മുടെ ഉള്ളിൽ സഹിക്കുവാനായി നല്ല ഈശോ നല്കുന്നത് മറ്റാരും അറിഞ്ഞിട്ട് കാര്യമില്ല.



**കനീസിയൂസ് മൊഴികൾ**

111


നല്ല ഈശോ അയച്ചുതരുന്നത് മുഴുവനും മൗനമായി സ്നേഹപൂർവ്വം എടുക്കുന്നതിനുള്ള ശക്തി ധാരാളം ലഭിക്കുവാനായി നമുക്ക് പ്രാർത്ഥിക്കാം.



**കനീസിയൂസ് മൊഴികൾ**

112


നമ്മൾ ഏറ്റെടുക്കുന്ന സഹനങ്ങൾകൊണ്ടാണ് മിശിഹായുടെ സഭ വളർച്ച പ്രാപിക്കുകയെന്ന സത്യം ഏറെ ആനന്ദിപ്പിക്കുന്നു.



**കനീസിയൂസ് മൊഴികൾ**

113


നഷ്ടപ്പെടുന്നുവെന്നത് തോന്നൽ മാത്രമാണ്, മിക്കപ്പോഴും. യാഥാർത്ഥ്യമാണെങ്കിൽ തന്നെ താത്കാലികമാണ്; ആ നഷ്ടം. ഒരുപിടികൂടി കടന്ന് ആലോചിച്ചാൽ, നഷ്ടം ഈ ലോകത്തിൽ മാത്രാണ്.



**കനീസിയൂസ് മൊഴികൾ**

114


കർത്താവിന്റെ കാര്യങ്ങൾ നടക്കുന്നത് പ്രേക്ഷിതവൃത്തിയിലൂടെയാണ്.



**കനീസിയൂസ് മൊഴികൾ**

115


പ്രശാന്തമായി പ്രസന്നമുഖത്തോടെ സസന്തോഷം ദൈവകരങ്ങളിൽ നിന്നും സ്വീകരിക്കുന്ന സഹനത്തിന്റെ ഓരോ നിമിഷത്തിനുമുള്ള വില അനേകകോടി തങ്കക്കട്ടികളാണെന്ന യാഥാർത്ഥ്യം ലോകത്തിന് മനസ്സിലാവുകയില്ല.



**കനീസിയൂസ് മൊഴികൾ**

116


സഹിക്കുന്ന വ്യക്തിക്ക് എല്ലാം നഷ്ടപ്പെട്ടു എന്നു തോന്നാം. യഥാർത്ഥത്തിൽ നേട്ടമാണ് അയാൾ കൊയ്യുന്നത്.



**കനീസിയൂസ് മൊഴികൾ**

117


സർവ്വാംഗം ലയിക്കുന്ന ഒരു സഹനമാണ് നാം ആഗ്രഹിക്കേണ്ടത്. സഹനം കൂടാതെ വിശുദ്ധിയുടെ പടിവാതിൽക്കൽപോലും എത്തിച്ചേരാൻ പറ്റില്ല.



**കനീസിയൂസ് മൊഴികൾ**

118


സ്നേഹജീവിതം ഇല്ലാതെ ആത്മീയജീവിതം ഇല്ല.



**കനീസിയൂസ് മൊഴികൾ**

119


ആലിപ്പഴത്തിനായി കൊതിയോടെ കാത്തിരിക്കുന്ന കുട്ടികളെപ്പോലെയാണ് ഞാൻ സഹനം ലഭിക്കുവാനായി കാത്തിരുന്ന് പ്രാർത്ഥിച്ചത്.



**കനീസിയൂസ് മൊഴികൾ**

120


നമ്മുടെ പരിതസ്ഥിതിയിൽ പൂർണ്ണസംതൃപ്തിയോടെ സുസ്മേരവദനരായി, അദൃശ്യമായവയെ ഉറ്റുനോക്കിക്കൊണ്ട് അവശേഷിച്ചിരിക്കുന്ന ശക്തിയും അവിടുത്തേക്കായി സമർപ്പിക്കാം.



**കനീസിയൂസ് മൊഴികൾ**

121


ക്ഷമയും സഹനവും പരസ്നേഹവും അഭ്യസിക്കാത്തവർക്ക് സന്യാസജീവിതം എന്നും മുൾക്കെട്ടായിരിക്കും.



**കനീസിയൂസ് മൊഴികൾ**

122


ഇപ്പോഴുള്ള സമയം ഒരു മിനിറ്റുപോലും അലസമായി കളയാതെ കർത്താവ് ആവശ്യപ്പെടുന്നത് പരമാവധി ചെയ്യാൻ പരിശ്രമിക്കാം.



**കനീസിയൂസ് മൊഴികൾ**

123

സന്യാസജീവിതത്തിന്റെ ഹൃദയമാണ് സമൂഹജീവിതം. സമുഹജീവിതം ഇല്ലാതെ സന്യാസ ജീവിതം ഇല്ല.



**കനീസിയൂസ് മൊഴികൾ**

124


നാമാവുന്ന പ്രാകൃതവസ്തുവിനെ, വികൃതമായ മരമുട്ടിയെ മനോഹരമായ ദിവ്യസ്വരൂപമായി കൊത്തിയെടുക്കുന്ന ആയുധശാലയാണ് കലാലയം.



**കനീസിയൂസ് മൊഴികൾ**

125


നിത്യമായ പിരിയാ സഖിത്വം അതിന്റെ പ്രതീകമായ വിവാഹത്തിന്റെ മാധ്യമം കൂടാതെ തന്നെ ഈ ലോകത്തിൽ സുരക്ഷിതമാക്കുവാൻ ബ്രഹ്മചര്യസിദ്ധി ലഭിച്ചവരാണ് സന്യാസികൾ.



**കനീസിയൂസ് മൊഴികൾ**

126

സഹനത്തിന്റെ പ്രേഷിതത്വമാണ് ഏറ്റവും ഫലദായകം.



**കനീസിയൂസ് മൊഴികൾ**

127

അവിടുന്ന് തിരഞ്ഞെടുത്തവരെകൊണ്ട് പരമാവധി ഫലം പുറപ്പെടുവിക്കുവാൻ സാധിക്കുന്നതിൽ അവിടുത്തെ ഹൃദയത്തിന്റെ സംതൃപ്തിയെപ്പറ്റി നമുക്ക് ധ്യാനിക്കാം. അത് സഹിക്കുവാൻ നമുക്ക് ധാരാളം ശക്തി പകരും.



**കനീസിയൂസ് മൊഴികൾ**

128

എന്റെ സാന്നിദ്ധ്യമല്ല സാക്ഷാൽ ആവശ്യം. ദിവ്യനാഥന്റെ സാന്നിദ്ധ്യവും സാന്ത്വനവുമാണ്. അതിനായി ഞാനവിടുത്തെ നിർബന്ധിക്കും.



**കനീസിയൂസ് മൊഴികൾ**

129

വിനയത്തിനും വിവേകത്തിനും വിജ്ഞാനത്തിനും സാക്ഷ്യം നല്കുന്നതിന്റെ ഉത്തരവാദിത്വം അവിടുന്നു തന്നെ ഏറ്റെടുക്കും.



**കനീസിയൂസ് മൊഴികൾ**

130

ഉള്ളത് പരമാവധി ഉപയോഗിക്കുക എന്നതാണല്ലോ ഏറ്റവും വലിയ ഭാഗ്യം. അതിനായി നമുക്ക് പ്രാർത്ഥിക്കാം.



**കനീസിയൂസ് മൊഴികൾ**

131

എവിടെയാണോ നടപ്പെട്ടത് അവിടെത്തന്നെ പുഷ്പിക്കുക. ഈശോക്ക് നിന്നെകൊണ്ട് ആവശ്യമുണ്ട്.



**കനീസിയൂസ് മൊഴികൾ**

132


നാം എവിടെ ആയിരിക്കുന്നുവോ അവിടെ മാത്രം ആയിരിക്കുക. അവിടുന്ന് എന്ത് ചെയ്യാൻ ആവശ്യപ്പെടുന്നുവോ അത് പരമാവധി നിർവ്വഹിക്കുക



**കനീസിയൂസ് മൊഴികൾ**

133

എന്റെ സമൂഹം സ്നേഹസമൂഹമാണ് അതായത് ക്രിസ്തു സ്നേഹത്തിൽ മുളയെടുത്ത് ആ സ്നേഹം പരസ്പരം പങ്കുവച്ച് ഒന്നിച്ച് വളരുകയും പരസ്പരം വളർത്തുകയും ചെയ്യുന്നവരുടെ കൂട്ടായ്മ.



**കനീസിയൂസ് മൊഴികൾ**

134


ധിക്കാരപൂർവ്വം പെരുമാറുന്നവരോടും തേജോവധം ചെയ്യുന്നവരോടുപോലും ബഹുമാനത്തോടും സ്നേഹത്തോടും കൂടി പെരുമാറാം.



**കനീസിയൂസ് മൊഴികൾ**

135


സഹോദരങ്ങളുടെ പ്രാർത്ഥനകളോടുകൂടി നമ്മുടെ പ്രാർത്ഥനകളും ചേരുമ്പോൾ പിതൃഹൃദയം തീർച്ചയായും അലിഞ്ഞുപോകും. സ്വർഗ്ഗസ്ഥർ എപ്പോഴും നമ്മോടുകൂടെയുണ്ട്.



**കനീസിയൂസ് മൊഴികൾ**

136

ഏറ്റവും വലിയ ഔഷധം ക്ഷമയാണല്ലോ. ക്ഷമ, ശാന്തത, സന്തോഷം, സമാധാനം, എന്നിവയിൽ കുറവ് വരാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.



**കനീസിയൂസ് മൊഴികൾ**

137


നിങ്ങളെ മർദ്ദിക്കുന്നവർക്ക് വേണ്ടി മാപ്പപേക്ഷിക്കുക! ഇതൊക്കെയാണ് കർത്താവു നമ്മെ പഠിപ്പിച്ചിരിക്കുന്നത്.



**കനീസിയൂസ് മൊഴികൾ**

138


പിതാവിന്റെ ഇഷ്ടം അസന്നിഗ്ദ്ധമായി നമ്മെ മനസ്സിലാക്കി തരുന്ന സംവിധാനമാണ് സ്നേഹസമൂഹം.



**കനീസിയൂസ് മൊഴികൾ**

139


സഹനം കൊണ്ടാണ് മിശിഹായുടെ സഭ വളർച്ച പ്രാപിക്കുക.



**കനീസിയൂസ് മൊഴികൾ**

140

ദൈനംദിനം ഉണ്ടാകുന്ന പല സംഭവങ്ങളും മനസ്സറിഞ്ഞു, കരുതിക്കൂട്ടി, സസന്തോഷം ആശ്ലേഷിക്കുവാനുള്ള ദിവ്യ പ്രകാശം നല്ല ദൈവം നമുക്കു നല്കട്ടെ.



**കനീസിയൂസ് മൊഴികൾ**

141

കർത്താവിന്റെ ഹൃദയശാന്തതയും എളിമയും അവിടന്നു തന്നെ തന്നാലെ അവ നമുക്ക് സ്വായത്തമാകൂ.



കനീസിയൂസ് മൊഴികൾ

142


അവിടത്തെ തിരുവിഷ്ടത്തിന് പൂർണ്ണമായും നമ്മെ വിട്ടുകൊടുക്കാം.



കനീസിയൂസ് മൊഴികൾ

143

ആർക്കെങ്കിലും നമ്മോട് കടങ്ങളുണ്ടെങ്കിൽ – അതേവയാണെന്ന് ദൈവസമക്ഷം കണ്ടുപിടിച്ച്, ദൈവം സാക്ഷിയായിരിക്കെ, അവയെല്ലാം എഴുതിത്തള്ളുക – വ്യവസ്ഥളൊന്നും വയ്ക്കാതെ.



കനീസിയൂസ് മൊഴികൾ

144


കർത്താവിനോടു കൂടെ ദീർഘനേരം പ്രാർത്ഥനയിൽ ചെലവഴിക്കുക.



കനീസിയൂസ് മൊഴികൾ

145


ആർഭാടങ്ങൾക്കുള്ള വ്യഗ്രത ഉണ്ടാകരുതെന്ന് ഞാൻ വീണ്ടും വീണ്ടും അപേക്ഷിക്കുന്നു.



കനീസിയൂസ് മൊഴികൾ

146


മനുഷ്യർ പല അഭിപ്രയങ്ങളും പറഞ്ഞെന്നു വരും. അതൊക്കെ നാം പ്രതീക്ഷിക്കണം. കർത്താവ് നൽകുന്ന നിർദേശം പൂർണ്ണമായ് നിർവഹിക്കാൻ നിർബന്ധമുള്ളവർ അതൊക്കെ കേൾക്കേണ്ടി വരും.



കനീസിയൂസ് മൊഴികൾ

147


നമ്മുടെ കർത്താവിന്റെ ഹൃദയത്തിൽ നമ്മുടെ ആനന്ദം നമുക്കു കണ്ടെത്താം.



കനീസിയൂസ് മൊഴികൾ

148


ദൈവവചനത്തിനും പ്രാർത്ഥനാ പരിചയത്തിനുമായി ദാഹിച്ചു വരികയും എഴുതുകയും ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്കായി സമർപ്പിതമായിരിക്കുന്ന നിമിഷങ്ങൾ വേറെ വിധത്തിൽ ചെലവഴിക്കുവാൻ ഇടയാകുന്നത് കർത്താവിനു ഇഷ്ടപ്പെടുകയില്ലെന്നാണ് എന്റെ ബോദ്ധ്യം.



കനീസിയൂസ് മൊഴികൾ

149


അവിടത്തേയ്ക്കു വേണ്ടി, ഓരോന്നും, പരമാവധി ജോലി ചെയ്തു. ഇപ്പോൾ ഇതാ തളർന്നു വീഴുന്നു. എത്രയോ വലിയ ആനന്ദം!



കനീസിയൂസ് മൊഴികൾ

150


നാം നൈവേദ്യമായി ഒഴുക്കപ്പെട്ടുകഴിയുമ്പോൾ നമ്മുടെ ഈ ജീവിതലക്ഷ്യം പൂർത്തിയായി. അവിടത്തേയ്ക്ക് സ്തുതി!



കനീസിയൂസ് മൊഴികൾ

151


നമുക്ക് എല്ലാറ്റിലും പ്രധാനമായി “ദൈവരാജ്യവും അവിടത്തെ നീതിയും അന്വേഷിക്കാം.” അപ്പോൾ മറ്റുള്ളവയെല്ലാം നമുക്കുണ്ടാകും.



കനീസിയൂസ് മൊഴികൾ

152


നമുക്ക് പ്രാർത്ഥിക്കാം. ഒരുമിച്ചുള്ള പ്രാർത്ഥന സാക്ഷാൽ വൈദ്യന്റെപക്കൽ സ്വീകൃതമാകും.



കനീസിയൂസ് മൊഴികൾ

153


എല്ലാം കൊണ്ടു നടക്കുവാനുള്ള ജീവനും, സന്തോഷവും നൽകുന്ന ദൈവത്തിനു സ്തുതി!



കനീസിയൂസ് മൊഴികൾ

154


സ്ഥലത്തിന്റെ അകലമൊന്നും തിരുസന്നിധിയിൽ ഒരു പ്രശ്നമല്ലല്ലോ. അവിടെ നാം എപ്പോഴും ഒരുമിച്ചുണ്ട്. അവിടത്തെ നാമം എന്നും സ്തുതിക്കപ്പെടട്ടെ! ആമ്മേൻ.



കനീസിയൂസ് മൊഴികൾ

155


നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിൽ അവിടന്ന് നമ്മെ ഒരിക്കലും വേർപെടാത്തവിധം കാത്തു സൂക്ഷിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



കനീസിയൂസ് മൊഴികൾ

156


നമ്മുടെ മേൽ കോരിച്ചൊരിഞ്ഞിട്ടുള്ള അനുഗ്രഹങ്ങൾക്കു പകരമായി അവിടത്തേയ്ക്ക് നാം എന്തു കൊടുക്കും? സ്വഹൃദയമല്ലാതെ!



കനീസിയൂസ് മൊഴികൾ

157


അവിടുത്തെ തിരുവചനങ്ങൾ നൂറുമേനിയും ഫലം പുറപ്പെടുത്തുന്ന നല്ലനിലമായി, നമ്മുടെ ഹൃദയങ്ങളെ അവിടത്തെ മുമ്പിൽ സമർപ്പിക്കാം.



കനീസിയൂസ് മൊഴികൾ

158


പിതാവായ ദൈവം അനുവദിക്കുന്ന ചെറിയ ചെറിയ കുരിശുകൾ; ആവലാധിക്കൂടാതെ സഹിച്ചാൽ അനേകലക്ഷം രത്നത്തേക്കാൾ എന്നും നിലനിൽക്കുന്ന സമ്പാദ്യമാണ് ലഭിക്കുക.



കനീസിയൂസ് മൊഴികൾ

159


ദൈവം തരുന്ന സുഖമാണല്ലൊ സംതൃപ്തിയുള്ള സുഖം!



കനീസിയൂസ് മൊഴികൾ

160


നമുക്ക് എന്നും എവിടെയും സംതൃപ്തിനൽകുന്ന ദൈവപരിപാലനയുടെ ക്രമീകരണത്തിന് സദാ നന്ദിപറയാം



കനീസിയൂസ് മൊഴികൾ

161


എല്ലാമുണ്ടായിട്ടും സംതൃപ്തിയില്ലാതെ വലയുന്നവർക്ക് ആവശ്യമായ ഉൾപ്രകാശവും ശക്തിയും ധൈര്യവും നല്കണമേ എന്ന് അവിടത്തോട് നിരന്തരം പ്രാർത്ഥിക്കാം.



കനീസിയൂസ് മൊഴികൾ

162


നമ്മുടെ മനസ്സിന്റെ അന്ധകാരമകറ്റുന്ന പ്രകാശമാണ് വി. ഗ്രന്ഥം.



കനീസിയൂസ് മൊഴികൾ

163


നാം വ്യഗ്രത കാണിക്കുന്നത് അവിടത്തോടുള്ള വിശ്വാസ കുറവിന്റെ ലക്ഷണമായി അവിടന്ന് പരിഗണിച്ചേക്കാം.



കനീസിയൂസ് മൊഴികൾ

164


ഉള്ളത് പരമാവധി ഉപയോഗിക്കുക എന്നതാണല്ലൊ നമ്മുടെ ഏറ്റവും വലിയ ഭാഗ്യം. അതിനായി, നമുക്ക് പ്രാർത്ഥനകൊണ്ട് പരസ്പരം സഹായിക്കാം.



കനീസിയൂസ് മൊഴികൾ

165

പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയമാകുന്ന കോവിലിൽ വസിക്കുകയും നിരന്തരം നമ്മെ നയിക്കുകയും ചെയ്യുമ്പോൾ, നമുക്ക് ആകുലതയ്ക്കോ, അസ്വസ്ഥതയ്ക്കോ ഒട്ടും തന്നെ കാരണമില്ലല്ലൊ.



കനീസിയൂസ് മൊഴികൾ

166


മരണത്തിന് മുമ്പായി കണ്ടു സംസാരിക്കുവാൻ സാധിച്ചില്ല എന്നത് നമ്മെ ഒട്ടും തന്നെ അസ്വസ്ഥരാക്കരുത്. നമ്മൾ എന്നേയ്ക്കുമായി പിരിയുകയല്ല ചെയ്തിരിക്കുന്നത്. താമസിയാതെ നാം ഒന്നിച്ചു കൂടും.



കനീസിയൂസ് മൊഴികൾ

167


നമ്മുടെ ഭവനം പിതാവിന്റെ നിത്യഭവനമാണ്. അവിടെ എല്ലാവരും ഒത്തൊരുമിക്കുന്ന സമയം എത്രയോ മനോഹരമായിരിക്കും!



കനീസിയൂസ് മൊഴികൾ

168

കുടുംബം! ഈ ലോകത്തിലെ അവശതകളൊന്നും കൂടാതെയുള്ള ശാന്തി, സമാധാനം, ആനന്ദം, ദൈവത്തിന്റെ മുഖാഭിമുഖവീക്ഷണം!



കനീസിയൂസ് മൊഴികൾ

**169**

നമുക്ക് എപ്പോഴും നിർദ്ദേശങ്ങൾ നൽകികൊണ്ടിരിക്കുന്ന അവിടത്തെ നാമം സ്തുതിക്കപ്പെടട്ടെ.



**കനീസിയൂസ് മൊഴികൾ**

**170**

"മാംസമോ, രക്തമോ എന്തു പറയുന്നുവെന്ന് നോക്കാതെ" കർത്താവിന്റെ ഇഷ്ടം മാത്രം നോക്കി ജീവിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.



**കനീസിയൂസ് മൊഴികൾ**

**171**

നമ്മെക്കാൾ കൂടുതൽ നമ്മുടെ കാര്യത്തിൽ അവിടത്തേയ്ക്ക് ശ്രദ്ധയുണ്ടെന്നറിയാമല്ലൊ. അവിടന്നു നമ്മെ കണ്ടുകൊണ്ടിരിക്കുന്നു.



**കനീസിയൂസ് മൊഴികൾ**

**172**

ദിവസേന ബലിപീഠത്തിൽ നിന്നു നമ്മുടെ ഹൃദയത്തിലേയ്ക്ക് എഴുന്നള്ളി വന്ന്, നമ്മിൽ വസിച്ച്, ഒരു കേടും കൂടാതെ, ആദ്ധ്യാത്മിക സമ്പത്തിൽ നിരന്തരം നമ്മെ വളർത്തി, പിതാവിന് കാഴ്ചവച്ചുകൊണ്ടിരിക്കുന്നു.



**കനീസിയൂസ് മൊഴികൾ**

**173**

നമ്മുടെ അകമ്പടി സേവനത്തിനും, പരിരക്ഷണത്തിനുമായി അവിടത്തെ മാലാഖാമാരെ നിയോഗിക്കുന്നു എന്ന വസ്തുതകളെല്ലാം, എല്ലാസമയത്തേക്കാൾ കൂടുതലായി, നമ്മുടെ അവശതയുടെ കാലത്ത് നമുക്ക് സമാശ്വാസം പകർന്നു നല്കുന്നു.



**കനീസിയൂസ് മൊഴികൾ**

**174**

അവിടന്ന് നമ്മെ തിരഞ്ഞെടുത്തു, നമ്മിൽ സമാരംഭിച്ചത് പൂർത്തിയാക്കുക തന്നെ ചെയ്യും. നമ്മുടെ വശത്തുനിന്നുള്ള സഹകരണം പരമാവധി നല്കുന്നതിന് നമുക്ക് ശ്രദ്ധിക്കാം.



**കനീസിയൂസ് മൊഴികൾ**

**175**

എല്ലാമുണ്ടായിട്ടും സംതൃപ്തിയില്ലാതെ വലയുന്നവർക്ക് ആവശ്യമായ ഉൾപ്രകാശവും ശക്തിയും ധൈര്യവും നല്കണമേ എന്ന് അവിടത്തോട് നിരന്തരം പ്രാർത്ഥിക്കാം.



**കനീസിയൂസ് മൊഴികൾ**

**176**

ഈശോയ്ക്കും പിതാവിനും സദാ നമ്മെ അന്തരംഗത്തിലിരുന്നു നയിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിനും ഏതുസമയത്തും അഭിമാനം നല്കത്തക്കവിധം നമുക്ക് ശേഷിച്ചിരിക്കുന്ന ജീവിതം സമ്പന്നമാക്കാം.



**കനീസിയൂസ് മൊഴികൾ**

**177**

എല്ലാറ്റിനും കർത്താവിന് നന്ദി പറഞ്ഞ് "നിർമ്മലഹൃദയത്തോടും, പ്രസന്നവദനത്തോടും, നിഷ്കളങ്കതയോടും കൂടെ" ദൈവസമക്ഷം വ്യാപരിക്കുന്നതിനു നമുക്ക് പരിശ്രമിക്കാം



**കനീസിയൂസ് മൊഴികൾ**

**178**

നമുക്ക് എന്തു സഹായവും ചെയ്തുതരുന്നതിനായി ദൃശ്യരും അദൃശ്യരുമായ മാലാഖമാർ സദാ ജാഗരൂകരായിരിക്കുന്നു.



**കനീസിയൂസ് മൊഴികൾ**

**179**


ഇപ്പോഴത്തെ, നമ്മുടെ പരിതസ്ഥിതിയിൽ, പൂർണ്ണ സംതൃപ്തിയോടെ സുസ്മേരവദനരായി, "അദൃശ്യമായവയെ ഉറ്റുനോക്കിക്കൊണ്ട്" അവശേഷിച്ചിരിക്കുന്ന ശക്തിയും അവിടത്തേക്കായി സമർപ്പിക്കാം



**കനീസിയൂസ് മൊഴികൾ**

**180**


കർത്താവു ആവശ്യപ്പെടുന്നത്, കഴിവിന്റെ പരമാവധി ചെയ്തുകൊണ്ടു അവിടത്തെപക്കൽ എത്തിച്ചേരുമ്പോൾ, പരമസുഖമാകുമല്ലൊ.



**കനീസിയൂസ് മൊഴികൾ**

**181**


നമുക്ക് "അദൃശ്യവും അനശ്വരവുമായവയെ ഉറ്റുസൂക്ഷിച്ചുകൊണ്ടു" ജീവിക്കാം. അതുമാത്രമേ, സന്തോഷവും, നിയതമായ സംതൃപ്തിയും നൽകൂ.



**കനീസിയൂസ് മൊഴികൾ**

**182**

നമ്മുടെ കുടുംബത്തിനു പരമകാരുണികനായ ദൈവം നല്കിയ ഒരു മഹാഭാഗ്യത്തിന് അവിടത്തോടു പ്രത്യേകവിധം നന്ദി പറയേണ്ടതുണ്ട്.



**കനീസിയൂസ് മൊഴികൾ**

183

അത്യുന്നതനായ ദൈവത്തിന്റെ നിഗൂഢമായ പരിപാലനയ്ക്കു നിത്യസ്തുതി!



കനീസിയൂസ് മൊഴികൾ

184

“ദൈവരാജ്യത്തേയും അവിടുത്തെ നീതിയേയും അന്വേഷിക്കുക. അതോടെ സകലതും നമ്മുക്ക് കൂട്ടി നല്കപ്പെടും“ എന്ന ഉറപ്പ് നമുക്കുണ്ട്. അതിൽ നിന്ന് വ്യത്യസ്ഥമായ വഴിയിലൂടെ ആരും പോകാതിരിക്കാൻ ദൈവം ഇടവരുത്തട്ടെ!



കനീസിയൂസ് മൊഴികൾ

185

അവിടുന്ന് ഹൃദയശാന്തതയും എളിമയുമുള്ളവനാണ്. അവിടത്തെ കണ്ടുപഠിക്കുക. അപ്പോൾ നമ്മുടെ ഹൃദയങ്ങളിലും, നമ്മുടെ കുടുംബങ്ങളിലും സമാധാനമുണ്ടാകും.



കനീസിയൂസ് മൊഴികൾ

186


സമാധാനത്തിന്റെ രാജാവായ ഇശോയെ, ഞങ്ങളുടെ കുടുംബത്തിൽ സമാധാനം സ്ഥാപിക്കണമേ” എന്ന സുകൃതജപം, ഓരോ “നന്മ നിറഞ്ഞ ജപത്തിനു ശേഷം ചൊല്ലുക.” അവിടന്ന് തീർച്ചയായും നമ്മുടെ പ്രാർത്ഥന കേൾകും.



കനീസിയൂസ് മൊഴികൾ

187

കർത്താവിന്റെ തിരുഹൃദയത്തിൽ നമുക്ക് ശരണം തേടാം. അവിടുന്ന് എല്ലാം നിഗുഢമായി ക്രമീകരിച്ചുതരും.



കനീസിയൂസ് മൊഴികൾ

188

അവിടുത്തെ ഇഷ്ടം – അതു മുഴുവൻ – അതു മാത്രം അന്വേഷിക്കുന്നവരുടെ കാര്യത്തിൽ അവിടുന്ന് ഔദാര്യപൂർവ്വം ശ്രദ്ധിക്കും.



കനീസിയൂസ് മൊഴികൾ

189

നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തോടു അപേക്ഷിച്ചുകൊണ്ടു ചെയ്താൽ, എല്ലാകാര്യങ്ങളും നന്നായിചെയ്യുവാൻ കഴിയും.



കനീസിയൂസ് മൊഴികൾ

190

ഈശോയ്ക്ക് വേണ്ടി ചെയ്യുന്ന കാര്യങ്ങൾ ഒന്നും അവിടന്ന് മറക്കില്ല. അതിന്റെ നൂറ് ഇരട്ടി അവിടുന്ന് നമുക്ക് നല്കും



കനീസിയൂസ് മൊഴികൾ

191


പൂർണ്ണസുഖത്തിനാവശ്യമായ, താൽക്കാലിക വിഷമതകൾ തപസ്സിന്റേയും പ്രായ്ശ്ചിതത്തിന്റേയും ചൈതന്യത്തിൽ സ്വീകരിക്കാം.



കനീസിയൂസ് മൊഴികൾ

192

നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തോട്, ദിവസേന, പ്രത്യേകവിധം നന്ദി പറയണം. നന്ദിയായി, നിലനിൽക്കുന്ന ഏതെങ്കിലും, രൂപത്തിൻ മുമ്പിൽ സമർപ്പിക്കുന്നത് നന്നായിരിക്കും.



കനീസിയൂസ് മൊഴികൾ

193


നിങ്ങൾ ചെയ്യുന്നതൊന്നും കർത്താവ് മറക്കില്ല. ഒരു കോപ്പ പച്ചവെള്ളത്തിന്റെ കാര്യം പോലും മറക്കാത്ത ഈശോ, ഒന്നിനു നൂറായിട്ടുള്ള പ്രതിഫലം തക്കസമയത്ത് നിങ്ങൾക്ക് നല്കും



കനീസിയൂസ് മൊഴികൾ

194


ദൈവത്തിന്റെ സ്ഥാനം വഹിക്കുന്ന ഇടവകവികാരിയെ നാം എന്തുമാത്രം ബഹുമാനിച്ചാലും മതിയാവില്ല. അദ്ദേഹം നമ്മുടെ കുടുംബത്തിലെതന്നെ അംഗം എന്നവിധത്തിൽ ബഹുമാനിച്ചിരിക്കണം.



കനീസിയൂസ് മൊഴികൾ

195


എവിടേയും എപ്പോഴും മറ്റുള്ളവരുടെ ഉപരി നന്മയ്ക്ക് മുൻഗണന നല്കുന്ന ശീലം നമ്മുടെ കുടുംബങ്ങളുടെയും അവയിലെ ഒരോ അംഗത്തിന്റേയും മുഖമുദ്രയായിരിക്കട്ടെ.



കനീസിയൂസ് മൊഴികൾ

196


എല്ലാവരിലൂടെയും സ്നേഹം പകർന്നു തരുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ പൈതൃകഹൃദയം നമ്മുടെ നിരന്തരധ്യാനവിഷയമാക്കാം.



കനീസിയൂസ് മൊഴികൾ

**197**


നല്ല പിതാവായ ദൈവത്തിന്റെ കരങ്ങളിൽനിന്നു ലഭിക്കുന്ന ഓരോ ദാനത്തിനും അവിടത്തോട് വീണ്ടും വീണ്ടും നമുക്ക് നന്ദിപറയാം.



**കനീസിയൂസ് മൊഴികൾ**

**198**


നാം അവിടത്തെ കാര്യത്തിൽ അതിപൂർണ്ണമായും സമർപ്പിതരാകുമ്പോൾ,നമ്മുടെ മറ്റു കാര്യങ്ങളെല്ലാം അവിടന്നുതന്നെ ഏറ്റെടുത്തു നടത്തും.



**കനീസിയൂസ് മൊഴികൾ**

**199**


ദിവ്യനാഥനു വേണ്ടി ശക്തികളും കഴിവുകളും ചൊരിഞ്ഞു കൊടുക്കുന്നതിനേക്കാൾ ആഹ്ലാദജനകമായ കാര്യം എന്താണ് ഈ ലോകത്തിനു ള്ളത്!



**കനീസിയൂസ് മൊഴികൾ**

**200**


അവനും അവർക്കും അതു സാധിച്ചുവെങ്കിൽ എന്തു കൊണ്ടു നമുക്ക് സാധിക്കില്ല! നമുക്ക് പ്രാർത്ഥനകൊണ്ടു പരസ്പരം സഹായിക്കാം



**കനീസിയൂസ് മൊഴികൾ**

**201**


പ്രേഷിതവൃത്തിയുടെ വളക്കൂറുള്ള വയൽ, പ്രശ്ന നിബിഡമായ സാഹചര്യങ്ങളാണ്. അവ വേണ്ട വിധം കൈകാര്യം ചെയ്തു, ധാരാളം ഫലം കൊയ്തെടുക്കുവാൻ സാധിക്കുമാറാകട്ടെ!



**കനീസിയൂസ് മൊഴികൾ**

**202**


പ. ജപമാല രാജ്ഞിയുടെ പരിലാളനയിൽ ജീവിതം പരിപൂർണ്ണ വിജയത്തിലെത്തുവാൻ ദിവ്യനാഥൻ ഇടയാക്കുക തന്നെ ചെയ്യും.



**കനീസിയൂസ് മൊഴികൾ**

**203**


പരീക്ഷാവിജയം, ജോലി മുതലായവെരെല്ലാം ദിവ്യനാഥന്റെ കരങ്ങളിൽ സമർപ്പിച്ച്, കുഞ്ഞുങ്ങൾക്കടുത്ത പരമാർത്ഥയോടെ നമുക്കു പ്രാർത്ഥിക്കാം. അവിടുന്ന് കാര്യമെല്ലാം സമർത്ഥമായി നടത്തും



**കനീസിയൂസ് മൊഴികൾ**

**204**


ദൈവത്തിനുവേണ്ടി മാത്രം ഇളകുകയും പൊങ്ങുകയും താഴുകയും സദാജോലികളിൽ വ്യാപൃതമാവുകയും ചെയ്ത കൈകൾ നിശ്ചലമാകുമ്പോൾ അവയ്ക്കും അവയുടെ ഉടമസ്ഥരായ നമ്മുക്കും അഭിമാനിക്കാം.



**കനീസിയൂസ് മൊഴികൾ**

**205**


"കർത്താവിന്റെ ഇഷ്ടം – അതും ഉടനടി" എന്ന നിഷ്ഠയ്ക്ക് എന്നും പരമാവധി പ്രാധാന്യം കൊടുക്കുവാൻ എന്തു ത്യാഗവും സ്വാഗതം ചെയ്യുന്നതിനുള്ള അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.



**കനീസിയൂസ് മൊഴികൾ**

**206**


എല്ലാറ്റിലും ആദ്യമായി, ദൈവരാജ്യത്തേയും അവിടത്തെ നീതിയെയും അന്വേഷിക്കുക, അപ്പോൾ എല്ലാം നിങ്ങൾക്കുണ്ടാകും എന്ന ദിവ്യഗുരുവിന്റെ വാക്യത്തിൽ പൂർണ്ണമായും വിശ്വസിക്കുന്നവരിൽ ദൈവം സംപ്രീതനാകുക സ്വാഭാവികം മാത്രമാണ്.



**കനീസിയൂസ് മൊഴികൾ**

**207**


തിരു ഉത്തരീയം ധരിക്കണം. അപകടങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നതാണത്. പിശാചുക്കൾക്കു ഈ പതാക പരിഭ്രമജനകമാണ്.



**കനീസിയൂസ് മൊഴികൾ**

**208**


പിതാവിന്റെ പ്രത്യേക മുൻകരുതൽ പ്രകാരം നിങ്ങൾക്കനുവദിച്ച് ലഭിക്കുന്ന സഹനത്തിന്റെ കാസ–മഹത്വത്തിലേക്കുള്ള മഹത്വ പൂർണ്ണമായ ഉത്ഥനത്തിലേക്കുള്ള ഊർജ്ജ സംദായകമാണ്.



**കനീസിയൂസ് മൊഴികൾ**

**209**


ഒരറിവിൽ നിന്നും വേറെ അറിവും, അതിന്റെ അടിസ്ഥാനത്തിൽ ഉപരിജ്ഞാനവും ലഭിക്കുന്നു.



**കനീസിയൂസ് മൊഴികൾ**

**210**

നമ്മുടെ ചുറ്റുമുള്ള വൃക്ഷലതാദികളും, പക്ഷിമൃഗാദികളും മുകളിലേക്ക് നോക്കുമ്പോൾ കാണുന്ന സൂര്യചന്ദ്രനക്ഷത്രാദികളും നമ്മുടെ ആത്മീയചിന്തയെ തട്ടിയുണർത്തണം.



**കനീസിയൂസ് മൊഴികൾ**

211

ക്രൂശിൽ – രക്തം ചിന്തി ജീവൻ പൂജിച്ച ഈശോയെ ആണ്ടിലൊരിക്കലല്ല – ദൈനദിനം നമ്മുടെ പഠന വിഷയമാക്കണം



കനീസിയൂസ് മൊഴികൾ

212


പിതാവിനനുയോജ്യമായി ജീവിക്കുക, പിതാവിന്റെ അരൂപിയാൽ നയിക്കപ്പെടുക., പരിശുദ്ധ അമ്മ യുടെ യോഗ്യനായി തീരുക, ജ്യേഷ്ഠസഹദരനായ ഈശോയെ അനുഗമിക്കുക.



കനീസിയൂസ് മൊഴികൾ

213

മക്കൾ ദൈവത്തിന്റെ ദാനമാണ്



കനീസിയൂസ് മൊഴികൾ

214

ദൈവം ആവശ്യപ്പെടുന്നത് ഒരാളുടെ ഏക മകനെ യാണെങ്കിലോ?നീതി പാലിക്കുന്നവർ സന്തോഷം ആ മകനെയും ദൈവത്തിന് നൽകണം.



കനീസിയൂസ് മൊഴികൾ

215


സ്വാതന്ത്ര്യത്തിൽ സ്ഥിരതയോടെ നിൽക്കുക. അടിമത്തത്തിന്റെ (പാപത്തിന്റെ) നുകത്തിൽ നിങ്ങൾ വീണ്ടും വിധേയരാകരുത്.



കനീസിയൂസ് മൊഴികൾ

216


കൂട്ട ജീവിതത്തിന്റെ സുസ്ഥിതിക്ക് അവശ്യാവശ്യ മായത് – പരസ്പര അംഗീകാരം, പരസ്പരമുള്ള ആഴമായ അറിവ്.



കനീസിയൂസ് മൊഴികൾ

217


പറയുന്നതൊന്ന്, ചെയ്യുന്നത് മറിച്ച്. ഇത് ആത്മാർ ത്ഥതയുടെ കുറവുകൊണ്ടാണ്.



കനീസിയൂസ് മൊഴികൾ

218

ചെറുപ്പം മുതലേ: ദൈവത്തിനും മനുഷ്യർക്കും ഇഷ്ടമുള്ളവരായി വളരണം. സഭയുടേയും സമുദായത്തിന്റേയും ഉത്തമ പൗരന്മാരായി, വളർന്ന്, മൊട്ടിട്ട്, വികസിച്ച് ഫലം പുറപ്പെടണം



കനീസിയൂസ് മൊഴികൾ

219


നമ്മുടെ സഭയുടെ അംഗമായതിനാൽ, കർത്താവേ അങ്ങയെ സ്തുതിക്കുന്നു.



കനീസിയൂസ് മൊഴികൾ

220

നാം ഓരോരുത്തരും പ്രയാസങ്ങളുടേയും എതിർ പ്പുകളുടേയും മദ്ധ്യേ മിശിഹായുടെ സമാധാന ശീലത്തിനും, ശാന്തതക്കും സാക്ഷ്യം നൽകണം.



കനീസിയൂസ് മൊഴികൾ

221


മിശിഹാ പഠിപ്പിച്ച സർവ്വ സാഹോദര്യം ജീവിത ത്തിൽ നാം പ്രകാശിപ്പിക്കണം.



കനീസിയൂസ് മൊഴികൾ

222


നാം നമ്മെതന്നെ സ്നേഹിക്കുന്നതുപോലെ നമ്മുടെ സഹോദരങ്ങളേയും സ്നേഹിക്കണം. അല്ല നാം മിശിഹായെ സ്നേഹിക്കുന്നതുപോലെ ന. സഹോദരങ്ങളെ സ്നേഹിക്കണം.



കനീസിയൂസ് മൊഴികൾ

223


ദൈവ വചനം കേൾക്കുകയും അതു കാക്കു കയും ചെയ്യുക എന്നതിലാണ് നമ്മുടെ മാഹത്മ്യം.



കനീസിയൂസ് മൊഴികൾ

224

അജ്ഞതയാകുന്ന അന്ധകാരത്തെ അവിടത്തെ അധരങ്ങളിൽ നിന്നും പുറപ്പെട്ട വാക്കുകൾ കൊണ്ടു ദുരീകരിച്ചു. നമുക്കും തിരുലിഖിത പരായണത്തിലൂടെ അന്ധകാരമകറ്റാം.



കനീസിയൂസ് മൊഴികൾ

225

പരിശുദ്ധാത്മാവ് വിശുദ്ധ സ്ഥലത്തേ വസിക്കൂ. അവിടത്തെ വഹിക്കുന്ന ആലയവും പരിശുദ്ധമായിരിക്കണം.



**കനീസിയൂസ് മൊഴികൾ**

226

കർത്താവെ, നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ചു, അതിൽ അങ്ങേ പരിശുദ്ധാത്മാവിനെ പുനഃപ്രതിഷ്ഠിക്കണമെ



**കനീസിയൂസ് മൊഴികൾ**

227


ഹൃദയ നൈർമ്മല്യം ദൈവ ദർശനത്തിനു മനുഷ്യനെ പ്രാപ്തനാക്കുന്നു. ദൈവദർശന ത്തിന്റെ തെളിവനുസരിച്ച് മനുഷ്യന്റെ ദർശനവും വ്യാപ്തിയും വർദ്ധിക്കുന്നു.



**കനീസിയൂസ് മൊഴികൾ**

228

ദൈവം വെളിച്ചമാണ്. വെളിച്ചത്തോടടുക്കും തോറും നിസ്സാരമായ അഴുക്കുപോലും തെളിവായി നാം ദർശിക്കുന്നു.



**കനീസിയൂസ് മൊഴികൾ**

229

ദൈവം ഉന്നതങ്ങളിലിരുന്നു കൊണ്ട് കുപ്പക്കുഴിയിലേക്ക് നോക്കുന്നു. പുഴുവാകുന്ന നമ്മെ എടുത്തുയർത്തും.



**കനീസിയൂസ് മൊഴികൾ**

230


അവിടത്തോടുകുടി പോകുവാനും മരിക്കുവാനും തയ്യാറാണെങ്കിൽ, നമ്മുടെ വിശ്വാസം സജീവമാണ്.



**കനീസിയൂസ് മൊഴികൾ**

231


ആരുടെയെല്ലാം അപൂർണ്ണതകൾ കാണാൻ കർത്താവ് എനിക്കിടവരുത്തുന്നുവോ, അവരാണ് ഞാൻ അവിടത്തോടുകൂടി രക്ഷിക്കേണ്ട ആത്മാക്കൾ എന്ന രഹസ്യം മനസ്സിലാക്കുക.



**കനീസിയൂസ് മൊഴികൾ**

232


ദൈവജനത്തെ ദൈവവചനം കൊണ്ട് പോഷിപ്പിക്കേണ്ടഭാരവും പുരോഹിതർക്കുള്ളതുകൊണ്ട്, ദൈവവചനം ആധികാരികമായി കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തി അവർക്ക് സ്വായത്തമായിരിക്കണം.



**കനീസിയൂസ് മൊഴികൾ**

233


ഇന്ന് നമ്മുടെ ജനങ്ങൾ ആവശ്യപ്പെടുന്ന ആത്മധൈര്യം, അവർ ആരായുന്ന സമാധാനം, അവർക്കു നൽകുവാൻ പര്യാപ്തമായ ഉപായമാണ് തിരുലിഖിതം.



**കനീസിയൂസ് മൊഴികൾ**

234


ദൈവവചനം നമ്മുടെ ധ്യാനവിഷയമാകണം.



**കനീസിയൂസ് മൊഴികൾ**

235

ദൈവാരൂപി അതിനിഷ്ടമുള്ളിടത്ത് ഊതുന്നു. അത് മനുഷ്യമുഖം നോക്കുന്നില്ല. വിനീത ഹൃദയവും, പ്രാർത്ഥാപൂർവ്വമായ പ്രതീക്ഷയുമാണത് കടാക്ഷിക്കുന്നത്.



**കനീസിയൂസ് മൊഴികൾ**

236


നാം ദൈവനാമത്തിൽ ഒന്നിച്ചുകുടുന്നത് ദൈവവചനത്തിൽനിന്ന്, ദൈവാരൂപി കൂടുതലായി പാനം ചെയ്യുവാനാണ്.



**കനീസിയൂസ് മൊഴികൾ**

237


നമ്മിലുള്ള പ്രകാശം സാഹോദര്യത്തിന്റെ ചൈതന്യത്തിൽ, പരസ്പരം പകർന്ന് കൊടുക്കുന്നതിലും നാം ഉൽസുകരായിരിക്കണം.



**കനീസിയൂസ് മൊഴികൾ**

238

ദൈവം സ്വന്തം രക്തം കൊണ്ടുനേടിയെടുത്ത ഈ സഭയെ പോറ്റുക അതാണ് നിങ്ങളുടെ ദൗത്യം.



**കനീസിയൂസ് മൊഴികൾ**

239


തിരുസഭ പ്രവർത്തനങ്ങൾ ഉന്നംവയ്ക്കുന്ന ഉച്ചകോടി ആരാധനയാണ്, അതേ സമയം അവളുടെ ശക്തിയെല്ലാം പ്രവഹിക്കുന്ന ഉറവിടവും അതാണ്.



കനീസിയൂസ് മൊഴികൾ

240


നമ്മുടെ വ്യക്തിപരമായ ജീവിതം സാക്ഷാൽ ക്രിസ്തീയമാണോ?



കനീസിയൂസ് മൊഴികൾ

241


തിന്മയ്ക്ക് വഴങ്ങുകയില്ല, വഴിപ്പെടുകയില്ല, വിട്ടുകൊടുക്കുകയില്ല, അംഗീകാരം നല്കില്ല, കൂട്ടുനില്ക്കില്ല എന്ന ഉറച്ച പ്രശാന്തമായ നിലപാടാണ് ക്രിസ്ത്യാനിയുടെ ജീവിത നിഷ്ഠ.



കനീസിയൂസ് മൊഴികൾ

242


ക്രിസ്തീയ ജീവിതമാകുന്ന അത്ഭുതമാണ് ക്രിസ്തുവിന്റെ പ്രകാശം.



കനീസിയൂസ് മൊഴികൾ

243


ദൈവഹിതം അറിയണമെങ്കിൽ ദൈവത്തെ ശ്രവിക്കണം.



കനീസിയൂസ് മൊഴികൾ

244


ദൈവത്തിന്റെ ക്രമീകരണം നമുക്ക് തീർച്ചയായും മനസ്സിലാകുന്നത്, അവിടന്നു തന്നെ നിശ്ചയിച്ചിരിക്കുന്ന പ്രതിനിധികൾ വഴിയാണ്.



കനീസിയൂസ് മൊഴികൾ

245


ക്രിസ്തു പഠിപ്പിച്ചരീതിയിൽ ദൈവത്തെ ആരാധിക്കുകയും, സഹോദരങ്ങൾക്കു സേവനമനുഷ്ഠിക്കുകയും ചെയ്യുന്നവരാണ് ക്രിസ്ത്യാനികൾ.



കനീസിയൂസ് മൊഴികൾ

246


ക്രിസ്തുവിന്റെ പഠനം ഉന്നതമാണ്. അമാനുഷികമാണ്. അത് വേണ്ടവിധം മനസ്സിലാക്കുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനും സാധാരണ മനുഷ്യനുസാദ്ധ്യമല്ല.ഒരുക്രിസ്ത്യാനിക്കുമാത്രമേ സാധിക്കൂ.



കനീസിയൂസ് മൊഴികൾ

247


നിയമങ്ങൾ ഉണ്ടാക്കുന്നതിലല്ല, അവയുടെ അനുഷ്ഠാനത്തിലൂടെയാണ് സഭാനവീകരണം ഉണ്ടാകേണ്ടത്.



കനീസിയൂസ് മൊഴികൾ

248


യുവലോകത്തിന്റെ പ്രകാശമാണ് അദ്ധ്യാപകൻ.



കനീസിയൂസ് മൊഴികൾ

249


പ. കന്യകയുടെ ചേരിയിൽ നിന്ന് സൈനീക നിരയിലെ സന്നദ്ധ ഭടന്മാരെ, പിശാചിനും അവന്റെ കിങ്കരന്മാരുടെ പോർ വിളിക്കുമെതിരായ യുദ്ധത്തിൽ നമ്മുടെ അമ്മയുടെ പോർവിളിയുമായ് നമുക്ക് മുന്നേറാം.



കനീസിയൂസ് മൊഴികൾ

250


പ. കന്യക നമ്മുടെ സഹരക്ഷകയാണ് സാർവ്വത്രിക മദ്ധ്യസ്ഥയാണ്.ഈ അമ്മയുടെ സംരക്ഷണത്തിൽ നാം വളർന്നു വരുന്നു.



കനീസിയൂസ് മൊഴികൾ

251


ദൈവത്തിന്റെ പാവപ്പെട്ടവരുടെ, അവശരുടെ, സേവനത്തിനായി പരമാർത്ഥതയോടെ, ആത്മാർത്ഥതയോടെ മുന്നോട്ടിറങ്ങുന്ന ജനനേതാക്കന്മാരെ സമൃദ്ധമായി ദൈവം സഹായിക്കുന്നു



കനീസിയൂസ് മൊഴികൾ

252

നാം ക്രിസ്തുവിലേയ്ക്ക് രൂപാന്തരപ്പെട്ടു കഴിയുമ്പോൾ മാത്രമേ യാഥാർത്ഥ ക്രിസ്ത്യാനികളായിത്തീരുകയുള്ളൂ.



കനീസിയൂസ് മൊഴികൾ

253

കുരിശിൽ കിടന്നുകൊണ്ടു സ്വന്തം ഘാതകർക്കു വേണ്ടി പിതാവിനോടു ക്ഷമയാചിക്കുന്ന ദൈവസുതന്റെ സുന്ദര രൂപം നമ്മുടെ മനസ്സിൽ മായാമുദ്ര പതിക്കട്ടെ!



**കനീസിയൂസ് മൊഴികൾ**

254

പിതാവേ, ക്ഷമിക്കണമെ എന്നുള്ള പ്രാർത്ഥനയുമായി പിതാവായ ദൈവത്തെ സമീപിക്കുന്ന ഒരുവൻ, ക്രൂശിതനായ മിശിഹായുടെ അഭിമാന പാത്രമായിരിക്കും



**കനീസിയൂസ് മൊഴികൾ**

255


"കേരളമേ, നിന്റെ ദൗത്യം ഭാരതത്തിന്റെ ആരാമീകരണം."



**കനീസിയൂസ് മൊഴികൾ**

256


ഞായറാഴ്ചതോറും, "വിധവയുടെ കൊച്ചുകാശെങ്കിലും" നിക്ഷേപിക്കുന്നതു അഭിലഷണീയമാണ്.



**കനീസിയൂസ് മൊഴികൾ**

257


മിശിഹാനുകരണത്തിനുള്ള ഉത്തമമാർഗ്ഗം വി. ഗ്രന്ഥപരായണമാണല്ലൊ.



**കനീസിയൂസ് മൊഴികൾ**

258


ധാർമ്മിക ഭദ്രത! ഇതുകൂടാതെ എന്തൊക്കെ ചെയ്താലും, ചിലമ്പുന്ന കൈത്താളങ്ങൾ മാത്രമായിരിക്കും നമ്മുടെ പ്രവർത്തനങ്ങൾ.



**കനീസിയൂസ് മൊഴികൾ**

259


സുവിശേഷജീവിതത്തിന്റെ പാരമ്യത്തെ കുറിയ്ക്കുന്ന ശത്രുസ്നേഹം നമ്മിൽ ദർശിക്കുന്നവർ നാംവഴി മിശിഹായോടു കൂടുതൽ അടുക്കുന്നതിനു പ്രേരിതരാകും



**കനീസിയൂസ് മൊഴികൾ**

260


ദൈവത്തിനുമാത്രമേ സർവ്വജ്ഞാനമുള്ളൂ. മനുഷ്യനുള്ളതു പരിമിതബുദ്ധിയാണ്.



**കനീസിയൂസ് മൊഴികൾ**

261

അപരന്റെ അഭിപ്രായത്തെ ബഹുമാനപുരസ്സരം അനുവദിക്കണം. അയാളുടെ പ്രകടനങ്ങളിൽ അപാകതകൾ വന്നാൽ, മാന്യന്മാർക്കു സഹജമായ സൗമനസ്യവും, സമനിലയും, പക്വതയും പാലിക്കണം.



**കനീസിയൂസ് മൊഴികൾ**

262


വയോധികരുടെ പ്രായത്തേയും അനുഭവജ്ഞാനത്തെയും ബഹുമാനിക്കണം.



**കനീസിയൂസ് മൊഴികൾ**

263


ഒരുവൻ ക്രിസ്തുവിന്റേതായിതീരുന്നതോടുകൂടി, അവനു അവകാശമായി കിട്ടുന്നതാണ് ക്രൈസ്തവസ്വാതന്ത്ര്യം.



**കനീസിയൂസ് മൊഴികൾ**

264


ക്രൈസ്തവസ്വാതന്ത്ര്യത്തിന്റെ സംരക്ഷണം സുരക്ഷിതമാകുന്ന ഒരു ജീവിതാവസ്ഥയാണ് സന്യാസം



**കനീസിയൂസ് മൊഴികൾ**

265


സത്യത്തിനു സദാ സാക്ഷ്യം നൽകുക: അതിനായിട്ടാണു മിശിഹാ ലോകത്തിൽ വന്നത്, അതിനായി അവിടുന്നു മരണം കൈവരിക്കുകയും ചെയ്തു.



**കനീസിയൂസ് മൊഴികൾ**

266

സ്വയം മറന്ന് സഹോദരങ്ങളെ സേവിക്കുക: മിശിഹാ വന്നത് ശുശ്രൂഷ സ്വീകരിക്കാനല്ല, ശുശ്രൂഷിക്കുവാനാണ്.



**കനീസിയൂസ് മൊഴികൾ**

267

ശത്രുക്കളെ സ്നേഹിക്കുക: ഇതാണ് മിശിഹായുടെ പഠനത്തിന്റെ വിപ്ലവാത്മകവും ഏറ്റവും സുന്ദരവുമായ വശം.



കനീസിയൂസ് മൊഴികൾ

268


കുരിശുമരണംവഴി ദിവ്യഗുരു നമുക്കുനേടിത്തന്ന അമൂല്യസ്വാതന്ത്ര്യം പരിപൂർണ്ണമായി സംരക്ഷിക്കുവാൻ പരിശ്രമിക്കണം



കനീസിയൂസ് മൊഴികൾ

269

ഹൃദയം സ്നേഹത്തിന്റെ കനകരശ്മികളാൽ ശോഭിതമെങ്കിൽ, അതിൽ നിന്നു പ്രസരിക്കുന്ന നിഗൂഢചൈതന്യം ഉപകൃതന്റെ ആത്മശരീരങ്ങളെ അത്ഭുതകരമായി സജീവമാക്കും, സന്തുഷ്ടമാക്കും.



കനീസിയൂസ് മൊഴികൾ

270

ഓരോരുത്തരും, അവരവരുടെ പരിധിക്കുള്ളിൽ നിന്നു കൊണ്ട്, സഹജീവികളുടെ ദുരിതങ്ങളിൽ ഇടകലരണം.



കനീസിയൂസ് മൊഴികൾ

271


നാം ക്രിസ്തുവിനെ അനുകരിച്ച്, സഹജീവിയുടെ ദുരിതപ്രശ്നം, ഉന്മേഷപൂർവ്വം കൈകാര്യം ചെയ്ത് അവന്റെ കഷ്ടതകൾ ഇങ്ങോട്ട് ഏറ്റെടുത്ത്, അയാളെ സംതൃപ്തനാക്കണം



കനീസിയൂസ് മൊഴികൾ

272


നാം കൊടുക്കുന്ന ദാനത്തോടെ നമ്മുടെ ജീവനും പകരണമെങ്കിൽ നമ്മുടെ ജീവന്റെ ഒരു ഭാഗവും അതിൽ അലിഞ്ഞു ചേരണം.



കനീസിയൂസ് മൊഴികൾ

273


ദൈവീകജീവന്റെ സ്രോതസ്സുകൾ ദൈവവചനം, ദിവ്യപൂജ, കൂദാശകൾ എന്നിവയാണ്



കനീസിയൂസ് മൊഴികൾ

274


നമുക്കുള്ളതു നാം കൊടുക്കണം. ഉദാ: സഹതാപദ്യോതകമായ ഒരു നോട്ടം, സ്നേഹത്തോടുകൂടിയ ഒരു പുഞ്ചിരി, ഒരു നല്ലവാക്ക്...



കനീസിയൂസ് മൊഴികൾ

275


പരിശുദ്ധാരൂപി അവിടുത്തെ വരങ്ങൾ നൽകുന്നതിൽ മനുഷ്യമുഖം നോക്കാറില്ല.



കനീസിയൂസ് മൊഴികൾ

276


സഹോദരങ്ങളുടെ കുറ്റങ്ങൾ സംഭാഷണവിഷയമാക്കുക ആദരണീയമല്ല, മാന്യതയല്ല, പ്രത്യുത കുറ്റകരമാണ്.



കനീസിയൂസ് മൊഴികൾ

277


സഹോദരന്മാരെയോ, ശ്രേഷ്ഠന്മാരെയോ തിരുത്തേണ്ടതുണ്ടെങ്കിൽ, അവരെ തേജോവധം ചെയ്യാതെ, നേരായതും, മാന്യമായതുമായ മാർഗ്ഗം നാം അവലംബിക്കണം.



കനീസിയൂസ് മൊഴികൾ

278


സഹോദരങ്ങളുടെ അപരാധത്തിനുള്ള പരിഹാരത്തിന്റെ ഒരു ഭാഗം നാം തന്നെ ഏറ്റെടുത്ത്, അവർക്കുവേണ്ടി എന്തെങ്കിലും പ്രായശ്ചിത്തം അനുഷ്ഠിക്കണം.



കനീസിയൂസ് മൊഴികൾ

279


തിരുസഭയ്ക്കുവേണ്ടി സ്വയം സമർപ്പിച്ചിരിക്കുന്നവരുടെ പരമപ്രധാനമായ ജോലിസ്ഥലമാണ് ദേവാലയം.



കനീസിയൂസ് മൊഴികൾ

280

സൃഷ്ടികൾ, സൃഷ്ടികളെന്നന്യായത്താൽ തന്നെ, സ്രഷ്ടാവിനെ ആരാധിക്കുവാൻ കടപ്പെടുന്നു.



കനീസിയൂസ് മൊഴികൾ

281


ദൈവത്തോടുള്ള തന്റെ ബന്ധത്തെ മനുഷ്യൻ പലവിധത്തിൽ വാക്കുകൊണ്ടും, ആചാരങ്ങൾ കൊണ്ടും പ്രകടിപ്പിക്കുന്ന പ്രക്രിയയാണ് ആരാധന



**കനീസിയൂസ് മൊഴികൾ**

282


മനുഷ്യനു ദൈവത്തോടുള്ള ബന്ധം സംബന്ധിച്ച അറിവിന്റെ സ്രോതസ്സ്, ദൈവവും മനുഷ്യനുമായുള്ള ഉടമ്പടികളുടെ ചരിത്രം ഉൾക്കൊള്ളുന്ന വി. ഗ്രന്ഥമാണ്.



**കനീസിയൂസ് മൊഴികൾ**

283


ദൈവം വിശ്വസ്തനാണെന്ന് നാളിതുവരെയുള്ള ചരിത്രവും, സുബുദ്ധിയും ഉറപ്പു നല്കുന്നു.



**കനീസിയൂസ് മൊഴികൾ**

284

സത്യസന്ധത അന്യൂനമായി പാലിക്കണമെങ്കിൽ, സുഖസൗകര്യാദികളും, മനുഷ്യപ്രീതിയും, ലൗകിക പ്രഭാവവും, നാം തൃണവൽഗണിച്ചേതീരൂ.



**കനീസിയൂസ് മൊഴികൾ**

285


നാലുപേർ ചെയ്യുന്നതുപോലെ എന്ന മാനദണ്ഡമല്ല, അജ്ഞന്മാർക്കുപേലും ഇടർച്ചവരാതിരിക്കത്ത വിധം ജീവിച്ച മിശിഹായുടെ മാതൃകയാണ് നമ്മുടെ മൂലപ്രമാണം.



**കനീസിയൂസ് മൊഴികൾ**

286


നമ്മുടെയും ലോകത്തിന്റെയും പാപപരിഹാരത്തിനുവേണ്ടിക്കൂടിയുമാണ് നാം ലളിതജീവിതം അവലംബിക്കേണ്ടത്.



**കനീസിയൂസ് മൊഴികൾ**

287

ദൈവസുതൻ മനുഷ്യനായി ജനിച്ചത് നമുക്കു ജീവൻ നൽകുവാനും, ആ ജീവൻ നമ്മിൽ സമൃദ്ധിയാകുവാനുമാണ്.



**കനീസിയൂസ് മൊഴികൾ**

288


നമ്മുടെ ബാഹ്യഭാവം തന്നെ ആരാധനയുടേതായിരിക്കണം. നമ്മെ കാണുന്ന ആളുകൾക്കു അനുഭവവേദ്യമാകണം, അവിടെ ദൈവമുണ്ടെന്ന്.



**കനീസിയൂസ് മൊഴികൾ**

289


നാം സാധാരണ ജപിക്കുന്ന പ്രാർത്ഥനകൾ തന്നെ ഒരു വലിയ പ്രേഷിതപ്രവർത്തനമായിത്തീരുന്നു.



**കനീസിയൂസ് മൊഴികൾ**

290


സ്വന്തം ബലഹീനതകളെപ്പറ്റിയുള്ള ശരിയായ പഠനം മറ്റുള്ളവരോട് സഹതാപവും സഹിഷ്ണുതയും, സ്നേഹവും ബഹുമാനവും നമ്മിൽ ജനിപ്പിക്കും.



**കനീസിയൂസ് മൊഴികൾ**

291


സ്വന്തമായ അപരാധങ്ങളെ നാം ആദ്യം കാണണം. അതിൽ ശ്രദ്ധപതിയുന്നതോടെ അപരന്റെ നേർക്ക് എറിയാനെടുത്ത കല്ല്, കയ്യിൽ നിന്ന് താനേ ഇഴുകിവീണെന്നുവരാം.



**കനീസിയൂസ് മൊഴികൾ**

292


പഠിപ്പിക്കുന്നവർ തീർച്ചയായും പഠിപ്പിക്കുന്നത് പ്രവർത്തിക്കുന്നതായിരിക്കണം.



**കനീസിയൂസ് മൊഴികൾ**

293


സുപ്പീരിയറിലുണ്ടാകേണ്ട നേതൃത്വഗുണം, മൂശയെപ്പോലെ അദ്ദേഹം ദൈവത്തെ ശ്രവിച്ച് അവിടുത്തെ തീരുമാനങ്ങൾ സമൂഹത്തെ അറിയിക്കണം, സമൂഹത്തെ ശ്രവിച്ച് അവരുടെ ആവശ്യങ്ങൾ ദൈവത്തെ അറിയിക്കണം.



**കനീസിയൂസ് മൊഴികൾ**

294


ശത്രുവിന്റെ ഉപരിനന്മയായിരിക്കണം അവനോടുള്ള നമ്മുടെ പ്രത്യുത്തരത്തിന്റെ ഏകലക്ഷ്യം.



**കനീസിയൂസ് മൊഴികൾ**

295

കർത്താവ് സ്നേഹിക്കുന്നവർക്ക് പരാജയങ്ങൾ കൊടുക്കുന്നതിൽ പ്രത്യേക ഉദ്ദേശ്യമുണ്ട്. അവർ അതു വഴി കൂടുതൽ സമ്പന്നരാവുകയേയുള്ളു.



കനീസിയൂസ് മൊഴികൾ

296

സ്വർഗ്ഗരാജ്യത്തിലെ മാലാഖമാരുടെ ജീവിതം പോലെ, സ്നേഹസമൂഹത്തിലുള്ള ജീവിതമാണ് സന്യാസം.



കനീസിയൂസ് മൊഴികൾ

297


സഭയെ വിശുദ്ധികരിക്കുവാനാണ് സന്യാസം.



കനീസിയൂസ് മൊഴികൾ

298

ക്രിസ്തുവിന്റെ വിളിക്ക് പ്രത്യുത്തരിച്ച് ഭയം കൂടാതെ കടന്നുവരുന്നവരുടെ കാര്യം ക്രിസ്തു തന്നെ നോക്കും.



കനീസിയൂസ് മൊഴികൾ

299


ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്നും ഓടി കപട ആധ്യാത്മികതയിലഭയം കണ്ട് രക്ഷപ്പെടാൻ നല്ലമതം ഒരിക്കലും ഉപദേശിക്കില്ല.



കനീസിയൂസ് മൊഴികൾ

300


ദൈവത്തെപ്രതി എല്ലാ വസ്തുക്കളിലും ദൈവം ഉപരിയായി കാണുവാൻ നമുക്ക് കഴിവു തരുന്ന ദൈവികപുണ്യമാണ് സ്നേഹം.



കനീസിയൂസ് മൊഴികൾ

301


സ്നേഹപൂർവ്വം, പിതൃകരങ്ങളിൽ നിന്ന് ചെറിയ കുരിശു സ്വീകരിക്കുന്ന കാഴ്ചയിൽ, സ്വർഗ്ഗം മുഴുവനും ആനന്ദിക്കും. അവർ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ച്, ഈ വിടവു നികത്തിത്തരും.



കനീസിയൂസ് മൊഴികൾ

302

ദൈവസേവനത്തിലും പരസേവനത്തിലും പരമാവധിഎന്ന മാനദണ്ഡം പ്രായോഗികമാക്കാൻ സഹായിക്കുന്ന നിസ്തുലനേതാവ് നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ്.



കനീസിയൂസ് മൊഴികൾ

303


അന്തരംഗത്തിൽ നിരന്തരം നമ്മോടുസംസാരിക്കുന്ന അവിടത്തെ സ്വരം ശ്രവിക്കുക, അതനുസരിക്കുക. അങ്ങനെ അരൂപിയുടെ മനുഷ്യനായിത്തീരുക.



കനീസിയൂസ് മൊഴികൾ

304


ദൈവദത്തമായ നിരവധി കഴിവുകളും വാസനകളുമാണ് ഓരോ മനുഷ്യവ്യക്തിയിലും നമുക്ക് ദർശിക്കുവാൻ സാധിക്കുക. ഈ വാസനകളും കഴിവുകളും യഥക്രമം വളർത്തിവികസിപ്പിക്കേണ്ടത് ഓരോ വ്യക്തിയുടേയും കടമയാണ്.



കനീസിയൂസ് മൊഴികൾ

305


നമ്മുടെ സഭ നമുക്ക് നൽകിയിരിക്കുന്ന പൈതൃകം അമൂല്യമാണ്.



കനീസിയൂസ് മൊഴികൾ

306


ഒരിക്കലും ശത്രുവിനെ പേടിക്കരുത്. അങ്ങിനെ ശത്രുവിനെ മഥിച്ച് ജ്യേഷ്ഠസഹോദരന്റെ (ഈശൊ) പുറകെ പോകണം.



കനീസിയൂസ് മൊഴികൾ

307


അരൂപി നമ്മിലൂടെ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അരൂപി പ്രാർത്ഥിക്കുന്നത് നേരെ ദൈവത്തിന്റെ പക്കൽ എത്തുകയില്ല. മറിച്ച് സത്യത്തിലൂടെ എത്തും.



കനീസിയൂസ് മൊഴികൾ

308


മനസ്താപമില്ലായ്മ പലപ്പോഴും കുമ്പസാരത്തിന് വിമുഖത കൽപ്പിക്കുന്നു.



കനീസിയൂസ് മൊഴികൾ

309


ഹൃദയത്തിൽ നൈർമ്മല്യം നഷ്ടപ്പെടുത്തുന്ന അനുദിനമുള്ള പാറ്റകളും, ചിറകുകളും ഉറുമ്പിന് കൂട്ടുകൂട്ടാൻ അവസരം നൽകുന്നു. അതിനാൽ ദിവസവും അടിച്ച് വൃത്തിയാക്കുക.



**കനീസിയൂസ് മൊഴികൾ**

310

നിങ്ങൾ ക്രിസ്തുവിനോടുകൂടി വസിക്കുന്നുവെങ്കിൽ ഉന്നതങ്ങളിലുള്ളവയെക്കുറിച്ച് ചിന്തിക്കുക.



**കനീസിയൂസ് മൊഴികൾ**

311

പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുന്നവരാണ് ദൈവമക്കൾ.



**കനീസിയൂസ് മൊഴികൾ**

312


പാപവും പാപസാഹചര്യവും എന്നേയ്ക്കുമായി ഉപേക്ഷിക്കുക. കർത്താവിന്റെ ഇഷ്ടം ഏകസ്വരം, അതുമാത്രം എന്നേക്കും നടത്തുക



**കനീസിയൂസ് മൊഴികൾ**

313


നമ്മുടെ ഓരോപ്രവർത്തിക്കും നാം കർത്താവിന്റെ കൈയിൽ കൊടുത്താൽ പരിഹാരം ചെയ്യാനുള്ള കഴിവുണ്ട്.



**കനീസിയൂസ് മൊഴികൾ**

314

വി. കൊച്ചുത്രേസ്യായെ, ചെറുപുഷ്പമേ, സ്വർഗ്ഗീയാരാമങ്ങളിൽ നിന്ന് ഒരു റോസ് പറിച്ചെടുത്ത്, ഒരു സ്നേഹസന്ദേശത്തോടുകൂടി അതു ഞങ്ങൾക്ക് അയച്ചുതന്നാലും.



**കനീസിയൂസ് മൊഴികൾ**

315


ലൗകികമനുഷ്യർ ആകുലപ്പെടുന്നതനുസരിച്ച്, ഓരോ സ്ഥലത്തുപോകാനും, ഓരോരുത്തരെച്ചെന്നുകാണാനും, അവർ വന്നു കാണണമെന്ന് ആവശ്യപ്പെടാനും ഉള്ള വ്യഗ്രത, ആത്മീയമനുഷ്യരായ നമുക്ക് യോജിച്ചതല്ല. ഒരുപക്ഷെ, നമ്മുടെ സർവ്വസ്വമായ ഈശോയ്ക്ക്, അത് അഭിമാനക്ഷയമായിരിക്കും.



**കനീസിയൂസ് മൊഴികൾ**

316


കർത്താവേ അങ്ങേയ്ക്കു പ്രിയങ്കരമായ ഒരു കുടുംബത്തിന് രൂപംകൊടുക്കുവാൻ ഞങ്ങൾ രണ്ടുപേരെയും അനാദിമുതൽ കണ്ടുവച്ച അങ്ങയോടുനന്ദിപറയുന്നു.



**കനീസിയൂസ് മൊഴികൾ**

317

പഠിക്കുന്നവരുടെ പ്രയാസങ്ങൾ അനുഭവിച്ചറിഞ്ഞ വി.യൗസേപ്പേ എന്നെ പഠനത്തിലും പരീക്ഷകളിലും സഹായിക്കണമേ



**കനീസിയൂസ് മൊഴികൾ**

318

എന്റെ ബലഹീനതകളെ ക്ഷമിച്ചു അവിടുന്നു എന്നെ അനുഗ്രഹിക്കണമെ



**കനീസിയൂസ് മൊഴികൾ**

319

വീതികുറഞ്ഞ വഴിയിലൂടെ മാത്രമേ വിശ്വാസത്തിന്റെ തീർത്ഥയാത്ര നടക്കൂ.



**കനീസിയൂസ് മൊഴികൾ**

320


ദുർബ്ബലത കൂടാതെ സഹനമില്ല സഹനം കൂടാതെ ധീരതയില്ല.



**കനീസിയൂസ് മൊഴികൾ**

321


ആഴമായ പ്രാർത്ഥനയാലും വ്രതബദ്ധമായ ക്രിസ്ത്വാനുകരണത്താലും കേരളസഭയിലെ വിശുദ്ധരായി തീരുക.



**കനീസിയൂസ് മൊഴികൾ**

322

വിശ്വാസത്തിൽ സമ്പൂർണ്ണമായി അടിയുറച്ച ജീവിതം നയിക്കാൻ ശീലിക്കണം.



**കനീസിയൂസ് മൊഴികൾ**

323

നീതിമാനായ മനുഷ്യന്റെ പ്രത്യേകത : ദുഷ്ടരുടേയോ പാപികളുടേയോ പരിഹാസകരുടേയോ ചിന്താഗതിയല്ല അവനെ നയിക്കുക പ്രത്യുത ദൈവ വചനം.



കനീസിയൂസ് മൊഴികൾ

324

ദൈവ വചനമാണ് നമ്മുടെ ജീവിത നിയമം.



കനീസിയൂസ് മൊഴികൾ

325

നമ്മെ സംരക്ഷിക്കുവാൻ സദാ നമ്മോടുകൂടെ ഒരു ദൈവ ദൂതനെ ദൈവം നിയോഗിച്ചിട്ടുണ്ട്.



കനീസിയൂസ് മൊഴികൾ

326


നാം നിസ്സാരരല്ല.ദൈവ പുത്രർ – ദൈവത്തിന്റെ ആലയങ്ങൾ ആയ ക്രിസ്ത്യാനികളാണ് നമ്മൾ.



കനീസിയൂസ് മൊഴികൾ

327

പിതാവിന്റെ സത്തയുടെ പ്രതിഛായയായ മിശിഹായേ അങ്ങയുടെ ദിവ്യ പ്രകാശം എന്നിലേയ്ക്ക് പ്രവഹിക്കട്ടെ



കനീസിയൂസ് മൊഴികൾ

328

നിത്യ പ്രകാശമേ! എന്നെ കാണുന്നവരെല്ലാം എന്നെയല്ല ഈശോയെ ദർശിക്കട്ടെ!



കനീസിയൂസ് മൊഴികൾ

329

കലഹത്തിലൊന്നും പെടാതെ ഏവരോടും കൂടെ ഒരുമിച്ചു വളരുക പരസ്പരം വളർത്തുക



കനീസിയൂസ് മൊഴികൾ

330

അവിടന്നു പീഢസഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവിടത്തേയ്ക്കു കഴിയും.



കനീസിയൂസ് മൊഴികൾ

331

നാം അവിടത്തോടുകൂടെ സഹിക്കുമെങ്കിൽ മഹത്വത്തിൽ പ്രവേശിയ്ക്കും



കനീസിയൂസ് മൊഴികൾ

332


സുതാര്യമായ ദൈവസ്നേഹത്തിന്റെ പ്രദർശനവും പകർന്നു നല്കലുമാണ് അധികാരശുശ്രൂഷ.



കനീസിയൂസ് മൊഴികൾ

333


എല്ലാവർക്കും ചെയ്യേണ്ടത് ചെയ്യേണ്ട സമയത്ത് ചെയ്യേണ്ടവിധത്തിൽ ചെയ്യുന്നതിനുള്ള ദിവ്യപ്രകാശവും ശക്തിയും പരിശുദ്ധ അരൂപി നമുക്ക് നല്കട്ടെ.



കനീസിയൂസ് മൊഴികൾ

334


സ്വയം മറന്ന് മനുഷ്യനെ കൈ കൊടുത്തുയർത്തുവാൻ സ്വയം മനുഷ്യനായ ദൈവസുതനെ കാണുന്ന ആരാണ് അപരന്റെ നന്മയെ വെറുക്കുന്ന അസൂയയിൽ നിന്ന് ഒരു മാരകദീനത്തിൽ നിന്നെന്നപോലെ ഒഴിഞ്ഞുമാറാതിരിക്കുക?



കനീസിയൂസ് മൊഴികൾ

335


നല്ല പിതാവായ ദൈവത്തിന്റെ ക്രമീകരണങ്ങൾ എത്രയോ മഹനീയം!



കനീസിയൂസ് മൊഴികൾ

336

ആത്മാക്കളുടെ സഹായത്തിനുള്ള ജോലിയാണ് എന്റെ സുഖക്കേടുകൾക്കുള്ള ഒന്നാമത്തെ മരുന്നായ സഹനങ്ങൾ.



കനീസിയൂസ് മൊഴികൾ

337

ക്ഷമയാണ് രോഗാവസ്ഥയിലെ ഏറ്റവും വലിയ ഔഷധം



കനീസിയൂസ് മൊഴികൾ

338

സഹനത്തിന്റെ വിനാഴികകൾ ഒന്നും നഷ്ടപ്പെടാതിരിക്കുവാൻ സർവ്വാത്മനാ യത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം



കനീസിയൂസ് മൊഴികൾ

339

ദൈവത്തിനു വേണ്ടി ജോലി ചെയ്ത് തളർന്ന് വീഴുന്നത് എത്രയോ വലിയ ആനന്ദകരം.



കനീസിയൂസ് മൊഴികൾ

340


നമുക്ക് അവിടുത്തേക്ക് സ്തുതിപാടാം... അവിടുത്തെ നാമം എന്നും സ്തുതിക്കപ്പെടട്ടെ!



കനീസിയൂസ് മൊഴികൾ

341


വേദനകൾ ക്ഷമയോടും സന്തോഷത്തോടും കൂടി സ്വീകരിച്ചുകൊണ്ട് ദൈവത്തിനു നന്ദി പറയാം.



കനീസിയൂസ് മൊഴികൾ

342


സഹനങ്ങൾ സ്നേഹപൂർവ്വം വലിയ ഉദ്ദേശ്യത്തോടുകൂടെ നമുക്ക് നീട്ടിത്തരുന്ന പിതൃകരം ചുംബിച്ചുകൊണ്ടും അവിടുത്തേക്ക് എപ്പോഴും നന്ദി പറഞ്ഞുകൊണ്ടും നമുക്ക് സ്വീകരിക്കാം.



കനീസിയൂസ് മൊഴികൾ

343

കഴിവുകൾ പരമാവധി ദിവ്യനാഥന്റെ അടിയന്തിരാവശ്യങ്ങൾക്കായി ഉപയോഗിച്ചുകൊണ്ട് ഈ ലോകത്തുനിന്നും വിട വാങ്ങുന്നതിന് എന്നെ അനുവദിക്കണമേ എന്നതാണ് എന്റെ എളിയ പ്രാർത്ഥന



കനീസിയൂസ് മൊഴികൾ

344


“ഉള്ള ശക്തി വേറെ കാര്യങ്ങൾക്കായി ഉപയോഗിക്കാൻ അകമെ നിന്നോ പുറമേ നിന്നോ സമ്മർദ്ദമുണ്ടാകല്ലേ എന്നപേക്ഷിച്ചുകൊണ്ടിരിക്കാം”



കനീസിയൂസ് മൊഴികൾ

345


നമ്മുടെ അമ്മയെപ്പോലെ “ഇതാ കർത്താവിന്റെ ദാസി, അങ്ങേ വചനം പോലെ എന്നിൽ ഭവിക്കട്ടെ” എന്ന മനോഭാവം നമ്മിൽ സ്ഥായിയാകുവാൻ പ്രാർത്ഥിക്കാം.”



കനീസിയൂസ് മൊഴികൾ

346


വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുന്ന നാം വിജാതീയരെപ്പോലെ അമിതമായി ആകുലപ്പെടുന്നത് നമ്മുടെ വിശ്വാസത്തിന് എതിർസാക്ഷ്യമാകുവാൻ പാടുണ്ട്.



കനീസിയൂസ് മൊഴികൾ

347


കർത്താവ് അനുവദിക്കുന്നതെല്ലാം നമുക്ക് സസന്തോഷം സ്വീകരിക്കാം.



കനീസിയൂസ് മൊഴികൾ

348


നമ്മുടെ ശരീരമാകുന്ന ദേവാലയത്തിന് പറ്റുന്ന പാപ കേട്പാടുകൾ തീർക്കാൻ ഉള്ള പണിപുരയാണ് പാപസങ്കീർത്തനം



കനീസിയൂസ് മൊഴികൾ

349


വിളവിന്റെ നാഥൻ നമ്മുടെ അദ്ധ്വാനങ്ങളെ സഹായിക്കട്ടെ



കനീസിയൂസ് മൊഴികൾ

350


ഒരു മണിക്കൂറുകൊണ്ടു ചെയ്യുന്നതു മുക്കാൽ മണിക്കൂറുകൊണ്ടു ചെയ്തു തീർത്ത്, ബാക്കിയുള്ള കാൽ മണിക്കൂർ ദൈവവേലക്കായി ലാഭിക്കുക.



കനീസിയൂസ് മൊഴികൾ

351


ധാരാളതയിൽ ദൈവത്തെ വെല്ലുവാൻ ആർക്കും സാധിക്കുകയില്ല.



**കനീസിയൂസ് മൊഴികൾ**

352


ധാർമ്മിക ഭദ്രത, നമ്മുടെ വിദ്യാലയങ്ങളിൽ നാം നല്കേണ്ട സർവ്വപ്രധാനമായ പരിശീലനം ഇതാണ്.



**കനീസിയൂസ് മൊഴികൾ**

353


കറകളഞ്ഞ സുവിശേഷ ജീവിതത്തിന്റെ ഉരകല്ലായി ശത്രുസ്നേഹത്തെ പരിഗണിക്കാം.



**കനീസിയൂസ് മൊഴികൾ**

354

വയോധികരുടെ മനസ്ഥിതി എന്താണെന്ന് യുവാക്കന്മാരും യുവാക്കന്മാരുടെത് എന്താണെന്ന് വയോധികരും സൗമനസ്യത്തോടും ക്ഷമയോടും പഠിക്കണം.



**കനീസിയൂസ് മൊഴികൾ**

355


കുരിശുമരണംവഴി ദിവ്യഗുരു നമുക്കു നേടിത്തന്ന അമൂല്യസ്വതന്ത്ര്യം പരിപൂർണ്ണമായി സംരക്ഷിക്കുവാൻ പരിശ്രമിക്കണം



**കനീസിയൂസ് മൊഴികൾ**

356


ദൈവദത്തമായ നിരവധി കഴിവുകളും വാസനകളുമാണ് ഓരോ മനുഷ്യവ്യക്തിയിലും നമുക്ക് ദർശിക്കുവാൻ സാധിക്കുക. ഈ വാസനകളും കഴിവുകളും യഥക്രമം വളർത്തിവികസിപ്പിക്കേണ്ടത് ഓരോ വ്യക്തിയുടേയും കടമയാണ്.



**കനീസിയൂസ് മൊഴികൾ**

357

ഒന്നിച്ചുള്ള സമ്മേളനം, അവിടെ നല്കപ്പെടുന്ന പ്രബോധനം, നടത്തപ്പെടുന്ന പ്രാർത്ഥന, ദിവ്യബലി, ദിവ്യവിരുന്ന് ഇവ വഴിയാണ് സഭയുടെ പോഷണം നടക്കുന്നത്. അതാണ് ക്രിസ്തീയ ജീവിതമാകുന്ന അത്ഭുതപ്രതിഭാസത്തിന്റെ ശക്തി കേന്ദ്രം.



**കനീസിയൂസ് മൊഴികൾ**

358


വീട്ടപ്പെടാത്ത വല്ല കടവും, ശുദ്ധീകരിക്കപ്പെടാത്ത വല്ല കറയും ശേഷിക്കുന്നുവെങ്കിൽ ദിവ്യനാഥനതെല്ലാം ദിവ്യപൂജയുടെ അനന്തശക്തിയിൽ കഴുകി കളഞ്ഞ് അദ്ദേഹത്തെ നമ്മെ നിത്യാശ്ലേഷത്തിലേക്ക് സ്വീകരിക്കണമെ എന്ന പ്രാർത്ഥനയോടെ നമുക്ക് ദിവ്യ പുജ സമർപ്പിക്കാം.



**കനീസിയൂസ് മൊഴികൾ**

359


നമ്മുടെ പ്രയാസങ്ങളെല്ലാം കണ്ടുകൊണ്ടിരിക്കുന്ന നമ്മുടെ കർത്താവിന്റെ മുമ്പിൽ കുഞ്ഞുങ്ങൾക്കടുത്ത മനോശരണത്തോടെ, എല്ലാം നമുക്കു സമർപ്പിക്കാം.



**കനീസിയൂസ് മൊഴികൾ**

360


നമ്മുടെ ജീവിതത്തിൽ അവിടുത്തെക്ക് നാം തീർച്ചയായും സ്ഥാനം കൊടുത്തിട്ടുണ്ട്. പക്ഷെ അവിടുന്ന് സാക്ഷാൽ നമ്മുടെ ജീവിതത്തെ മുഴുവൻ സ്വാധീനിക്കാൻ വേണ്ടുന്നത്ര നൽകിയിട്ടുണ്ടോ?



**കനീസിയൂസ് മൊഴികൾ**

361

മരണം മൂലം നമ്മിൽ നിന്നും വേർപ്പെട്ടുപോയ നമ്മുടെ മാതാപിതാക്കന്മാരേയും സഹോദരിസഹോദരന്മാരെയും അനുസ്മരിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക.



**കനീസിയൂസ് മൊഴികൾ**

362


സ്വർഗ്ഗത്തിലുള്ള പ്രിയപ്പെട്ടവരുടെ അദൃശ്യമായ സാന്നിധ്യവും അകമഴിഞ്ഞ സഹായവും നമ്മെ സമ്പന്നമാക്കും



**കനീസിയൂസ് മൊഴികൾ**

363


ദൈവാനുഗ്രഹമുണ്ടങ്കിൽ, എല്ലാം ഭംഗിയായി നടക്കും.



**കനീസിയൂസ് മൊഴികൾ**

364

പ്രാർത്ഥന, നമസ്കാരം, കുർബാന, കുമ്പസാരം, സൽസ്വഭാവം – ഇവയിൽ പരമാവധി, അതായത് സാധിക്കുന്നിടത്തോളം ശ്രദ്ധപതിക്കുക.




**കനീസിയൂസ് മൊഴികൾ**

365

ദൈവം ആരെയെങ്കിലും ശിക്ഷിക്കണം എന്ന ചിന്തപോലും അനുവദിക്കരുത്.



കനീസിയൂസ് മൊഴികൾ



കനീസിയൂസ് മൊഴികൾ



കനീസിയൂസ് മൊഴികൾ



കനീസിയൂസ് മൊഴികൾ



കനീസിയൂസ് മൊഴികൾ




കനീസിയൂസ് മൊഴികൾ




കനീസിയൂസ് മൊഴികൾ



കനീസിയൂസ് മൊഴികൾ




കനീസിയൂസ് മൊഴികൾ



കനീസിയൂസ് മൊഴികൾ




കനീസിയൂസ് മൊഴികൾ



കനീസിയൂസ് മൊഴികൾ



കനീസിയൂസ് മൊഴികൾ



കനീസിയൂസ് മൊഴികൾ